I. ഇ.ബി. XII-കേരള നിയമസഭ/XIV-15

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 18, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

മണ്ണെണ്ണ വ്യാപാരികൾക്ക് നൽകിവരുന്ന ലീക്കേജ് അലവൻസ്

മി. സ്പീക്കർ: മണ്ണെണ്ണ വ്യാപാരികൾക്ക് കൊടുത്തുവന്നിരുന്ന ഒരു ശതമാനം ലീക്കേജ് അലവൻസ് 0.02 ശതമാനമായി കുറച്ചതിനെതുടർന്ന് പ്രസ്തുത വ്യാപാരികൾ ഹൈക്കോടതിയെ സമീപിച്ചപ്പോൾ 0.02 ലീക്കേജ് അലവൻസ് തുടരാനും അന്തിമ വിധിക്ക് വിധേയമായി പ്രശ്നത്തിന്മേൽ തീരുമാനമെടുക്കാനും ഹൈക്കോടതി ഉത്തരവായെങ്കിലും മണ്ണെണ്ണ മൊത്ത വ്യാപാരികൾക്ക് ഒരു ശതമാനം ലീക്കേജ് അലവൻസ് നൽകിക്കൊണ്ട് ഗവൺമെന്റ് ഉത്തരവിട്ടതിനാൽ പ്രതിമാസം 73 ലക്ഷം രൂപ വച്ച് ഇതുവരെ 5.82 കോടി രൂപ സംസ്ഥാനത്തിന് നഷ്ടമാകുന്നതായി പറയപ്പെടുന്ന ഗുരുത രമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യ ണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ആര്യാടൻ മുഹമ്മദ്, സി.ടി.

അഹമ്മദ് അലി, ജോസഫ്.എം. പുതുശ്ശേരി കെ.കെ.ഷാജു, കെ.ബി. ഗണേഷ്കുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സംസ്ഥാനത്തെ മണ്ണെണ്ണ വ്യാപാരികൾക്ക് ദീർഘ നാളുകളായി കൊടുത്തുകൊണ്ടിരുന്ന ഒരു ശതമാനം ലീക്കേജ് അലവൻസ് 0.02 ശതമാനമായി കുറച്ചുകൊണ്ട് 2009-ൽ ഗവൺമെന്റ് ഇറക്കിയ ഉത്തരവ് നാച്ചുറൽ ജസ്റ്റിസ് അല്ലെന്ന ആക്ഷേപം ഉന്നയിച്ച് ആ ഉത്തരവിനെതിരെ വ്യാപാരി സംഘടനകൾ ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്യുകയും പ്രസ്തുത ഉത്തരവ് റദ്ദാക്കി ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ 2008 മുതൽ റേഷൻ വ്യാപാരികൾക്ക് കിട്ടിക്കൊണ്ടിരുന്ന ഒരു ശതമാനം ലീക്കേജ് അലവൻസിന് കോടതിയുടെ അന്തിമ തീരുമാനം വരുന്നതുവരെ അർഹതയുണ്ടെന്നും ഈ വിഷയം വ്യാപാരികളുടെ പ്രതിനിധികളെ വിളിച്ച് ചർച്ച ചെയ്യണമെന്നും പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഒരു ശതമാനം ലീക്കേജ് അലവൻസ് തുടർന്നുവന്നത്. ഇത് ഈ ഗവൺമെന്റ് തീരുമാനിച്ചതല്ല. കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനപ്രകാരം മണ്ണെണ്ണ ഹോൾസെയിൽ ഡീലേഴ്സിന്റെ കമ്മീഷൻ വർദ്ധിപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ സംസ്ഥാന ഗവൺമെന്റ് കമ്മീഷൻ വർദ്ധിപ്പിച്ചില്ല. ഒരേ സമയം കമ്മീഷനും ലീക്കേജ് അലവൻസും വ്യാപാരികൾക്ക് 2008 മുതൽ കിട്ടിക്കൊണ്ടിരിക്കുന്നതിനാൽ ഏതെങ്കിലും ഒരു ആനുകൂല്യം മതി എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തയ്യാറായില്ലെന്ന് മാത്രമല്ല, ഒരു ശതമാനം ലീക്കേജ് അലവൻസ് കൊടുത്തിരുന്നത് 0.02 ആക്കി കുറയ്ക്കുകയും ചെയ്തു. ഇതിനെതുടർന്നാണ് അഗ്രീവ്ഡ് പാർട്ടി കോടതി

യിൽ കേസ്സ് ഫയൽ ചെയ്യുകയും കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവ് കെപ്റ്റ് അബയൻസിൽ വയ്ക്കുകയുമാണ് ചെയ്തത്. കർഷകർക്കും മൽസ്യത്തൊഴി ലാളികൾക്കും ബി.പി.എൽ. വിഭാഗത്തിനും കൊടുക്കുന്ന മണ്ണെണ്ണയുടെ വില വർദ്ധിപ്പിക്കാതിരിക്കാൻ വേണ്ടിയാണ് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശത്തിന് വിരുദ്ധമായി സർക്കാർ വ്യാപാരികളുടെ കമ്മീഷൻ മരവിപ്പിക്കുകയും കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു ശതമാനം അലവൻസ് പുനഃസ്ഥാപിക്കുകയും ചെയ്തത്. ഈ വിഷയം സഭാ നടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഫിനാൽഷ്യൽ വിംഗ് മണ്ണെണ്ണ വ്യാപാരികളുടെ കമ്മീഷൻ റേറ്റ് ഫിക്സ് ചെയ്ത് 02-04-2005-ൽ അന്നത്തെ പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തര വിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് വകുപ്പ് ഡയറക്ടർ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും കത്ത് അയച്ചിരുന്നു. പ്രസ്തുത കത്തിൽ യാതൊരു കാരണവശാലും ഒരു ശതമാനം ലീക്കേജ് അലവൻസ് അനുവദി ക്കേണ്ടതില്ലെന്നും ഏതെങ്കിലും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻ ഒരു ശതമാനം ലീക്കേജ് അലവൻസ് അനുവദിച്ചാൽ അയാളുടെ പേരിൽ കർശന നടപടി കൈക്കൊള്ളുമെന്നും പറഞ്ഞിരുന്നു. എന്നാൽ ഗവൺമെന്റ് ഓർഡ റിന് വിരുദ്ധമായി 2005 അവസാനം സിവിൽ സപ്ലൈസ് ഡയറക്ടർ ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് അന്നത്തെ പ്രിൻസിപ്പൽ സെക്ര ട്ടറിയും വകുപ്പുമന്ത്രിയും കണ്ടിരുന്നില്ല. തുടർന്ന് സിവിൽ സപ്ലൈസ് കോർപ്പ റേഷന്റെ ഇൻസ്പെക്ഷൻ വിംഗ് നടത്തിയ പരിശോധനയുടെ അടിസ്ഥാന ത്തിൽ ഒരു ശതമാനം ലീക്കേജ് അലവൻസ് അനുവദിക്കേണ്ടതില്ലെന്ന്

കാണിച്ച് 22-01-2009-ൽ വീണ്ടും സർക്കുലർ ഇഷ്യു ചെയ്തു. അതിനെതിരായി വ്യാപാരി അസോസിയേഷൻ ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തു. പ്രസ്തുത റിട്ടിൽ മൂന്ന് മാസത്തിനുള്ളിൽ അസോസിയേഷൻ പ്രതിനിധികളെ വിളിച്ച് തീരുമാനം കൈക്കൊള്ളണമെന്നും മൂന്നു മാസം വരെ ഒരു ശതമാനം ലീക്കേജ് അനുവദിക്കാമെന്നും കോടതി നിർദ്ദേശിക്കുകയും ചെയ്തു. കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 11-05-2009-ന് അസോസിയേഷൻ പ്രതിനിധികളുമായി ഗവൺമെന്റ് ചർച്ച നടത്തിയെങ്കിലും ലീക്കേജ് അലവൻസ് 0.02 ശതമാനമായി നിശ്ചയിച്ച് ഉത്തരവിട്ടു. ഇതിനെതിരെ 14 മണ്ണെണ്ണ വ്യാപാരികൾ വീണ്ടും ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ടിന് ഹൈക്കോടതി സ്റ്റേ കൊടുത്തില്ലെന്ന് മാത്രമല്ല തൽക്കാലം 0.02 ശതമാനം ലീക്കേജ് അലവൻസ് അനുവദിച്ചാൽമതിയെന്നും കേസ്സ് പൂർണ്ണമായും കേട്ടശേഷം ഫൈനൽ ഓർഡർ ഇടാമെന്നും വിധി പുറപ്പെടുവിക്കുകയും ചെയ്തു. അതായത് 0.2 ശതമാനം മതി എന്നുള്ള സർക്കാരിന്റെ തീരുമാനം കോടതി അംഗീകരിച്ചു എന്നാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. സർക്കാരിന്റെ ഈ തീരുമാനം നിലനിൽക്കേത്തന്നെ വ്യാപാരികളുടെ അസോസിയേഷൻ നേതാവ് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് ഇപ്പോൾ ഒരു ശതമാനം ലീക്കേജ് അലവൻസ് നൽകാനുള്ള ഉത്തരവിട്ടിരിക്കുകയാണ്. അതുവഴി സർക്കാരിന് 5 കോടി 82 ലക്ഷം രൂപ നഷ്ടം വരുത്തിയിരിക്കുകയാണ്. ഇതിന് ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽനിന്ന് അനുവാദം വാങ്ങിയോയെന്ന് ഗവൺമെന്റ് വ്യക്തമാക്കണം. റൂൾസ് ഓഫ് ബിസിനസ്സ് അനുസരിച്ച് ഇവിടെ ഫിനാൻഷ്യൽ കമ്മിറ്റ്മെന്റ് വന്നിരിക്കുകയാണ്. ഒരു ജി.ഒ മറികടന്ന് വേറൊരു ജി.ഒ. ഇഷ്യു ചെയ്യണമെങ്കിൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അനുവാദം വേണം. ഫിനാൻസ് ഡിപ്പാർട്ടു

മെന്റ് ഇത് അംഗീകരിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. സർക്കാരിന്റെ ഈ ഉത്തരവ് ബഹുമാനപ്പെട്ട മന്ത്രി കണ്ടില്ലെങ്കിൽ ഈ ഓർഡർ ഇട്ട ആളുടെ പേരിൽ നടപടിയെടുക്കണം. ഈ ഗുരുതരമായ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): മണ്ണെണ്ണ വ്യാപാരികളുടെ ലീക്കേജ് അനുവദിക്കുന്നത് സംബന്ധിച്ച കാര്യത്തിൽ യാതൊരു സാങ്കേതിക പ്രശ്നവും നിലവിലില്ല. ഒരു അഴിമതിയുടേയും കാര്യമില്ല. ഇതിൽ ഒന്നും ഒളിച്ചുവയ്ക്കേണ്ട കാര്യമില്ല. ഹൈക്കോടതിയുടെ രണ്ടു ജഡ്ജ്മെന്റും ബഹുമാനപ്പെട്ട സ്പീക്കർക്ക് പരിശോധിക്കാനായി സഭയുടെ മേശപ്പുറത്ത് വയ്ക്കാം. ഇതിനകത്ത് ഒരു കളളവും ഇല്ല. ഈ കാര്യത്തിൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റിന് യാതൊരു കമ്മിറ്റ്മെന്റും ഇല്ല. ഇതിന് ഫണ്ട് ആവശ്യമുണ്ടോ എന്നുളളതു മാത്രമേ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് അറിയേണ്ടതുളളു. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പതിഷേധിച്ച് സർവ്വശ്രീ. ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷകക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) സുനാമി പുനരധിവാസ പദ്ധതി

ശ്രീ. പി. വിശ്വൻ: സുനാമി ബാധിത പ്രദേശങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ വളരെ നേതൃത്വപരമായ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ദുരന്തത്തിൽ മരണം സംഭവിച്ചവരുടെ കുടുംബത്തിന് ഒരു ലക്ഷം രൂപ നൽകുക, മരിച്ചവരുടെ കടബാദ്ധ്യത എഴുതിത്തള്ളുക, കുട്ടികളുടെ പേരിൽ 51,000 രൂപയുടെ സ്ഥിര നിക്ഷേപം, കുട്ടികൾക്ക് സ്കോളർഷിപ്പ് തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ഈ സർക്കാർ ചെയ്തിട്ടുണ്ട്. സുനാമി പുനരധിവാസത്തിനായുള്ള കേന്ദ്ര സഹായമായ 1148 കോടി രൂപയിൽ 824 കോടി രൂപയും ഈ മേഖലയിൽത്തന്നെ ചെലവാക്കിയിട്ടുണ്ട്. ബാക്കിയുള്ള 323 കോടി രൂപ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. പണി തുടങ്ങിവച്ച പല വീടുകളും പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ പുനരധിവാസത്തിന്റെ പണം ചെലവഴിക്കാനുള്ള സമയം ഒരു വർഷത്തേയ്ക്കെങ്കിലും ദീർഘിപ്പിച്ചുകൊടുക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സുനാമി പുനരധിവാസ പദ്ധതി പൂർത്തിയാക്കുന്ന കാര്യത്തിൽ സർക്കാർ വളരെ മാതൃകാപരമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സർക്കാരിന്റെ വിവിധ വകുപ്പുകളിലൂടെയാണ് പദ്ധതിത്തുകയായ 1441 കോടി 75 ലക്ഷം രൂപയും ചെലവഴിക്കുന്നത്. എ.ഡി.ബി.-യുടെ ധനസഹായത്തോടുകൂടി ഇതിനകം 245.46 കോടി രൂപ സുനാമി അടിയന്തിര പദ്ധതിയായി നടപ്പാക്കിയിട്ടുണ്ട്. നിശ്ചയിച്ച സമയത്തുതന്നെ അതിന്റെ പ്രവർത്തനം പൂർണ്ണമായും വിജയകരമായി പൂർത്തിയാക്കുകയും 7 കോടി 75 ലക്ഷം രൂപ അധികം ചെലവഴിക്കുക

യുമുണ്ടായി. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയുള്ള 1148 കോടി രൂപയുടെ വിവിധ പദ്ധതികൾ വിവിധ വകുപ്പുകളുടെ മേൽനോട്ടത്തിൽ നടത്തിവരികയാണ്. മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി, ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ സംസ്ഥാനതല എംപവേർഡ് കമ്മിറ്റി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ നേതൃത്വത്തിലുള്ള ജില്ലാതല കമ്മിറ്റി, റവന്യു വകുപ്പുമന്ത്രി കൺവീനറായ മന്ത്രിസഭാ ഉപസമിതി എന്നിവ കൃത്യമായി ഇതെല്ലാം പരിശോധിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. കോടതി കേസ്സുകളെത്തുടർന്ന് വീടുകൾക്കുവേണ്ടി സ്ഥലമെടുക്കുന്നതിൽ ഉണ്ടായ കാലതാമസമുൾപ്പെടെ കുറച്ച് നിർമ്മാണ പ്രവൃത്തികൾകൂടി ചില വകുപ്പുകളിൽ തീരാനുണ്ട്. ഇതുവരെ ഏറ്റെടുത്ത വർക്കുകളെല്ലാം അടുത്ത 3 മാസം കൊണ്ട് പൂർത്തിയാക്കും. 324 കോടി രൂപയ്ക്ക് പ്ലാനിംഗ് കമ്മിഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഫിനാൻസ് വകുപ്പിൽനിന്ന് ഈയാഴ്ച അതിനുള്ള അനുമതി ലഭിക്കുമെന്നറിയിച്ചിട്ടുണ്ട്. 31-ാം തീയതിക്ക് ശേഷം അല്പസമയം കൂടിയെടുത്ത് ബാക്കി വർക്കുകളെല്ലാം പൂർത്തിയാക്കാൻ കഴിയും. അതിനാവശ്യമായ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്.

(2) <u>മദ്രസകൾക്ക് അർഹമായ ഗ്രാന്റ്</u>

<u>ശ്രീ. യു.സി. രാമൻ</u>: കേന്ദ്ര സർക്കാരിന്റെ മദ്രസ്സ നവീകരണ പദ്ധതി പ്രകാരം ഓരോ മദ്രസ്സയ്ക്കും ലഭിക്കേണ്ട 4 ലക്ഷത്തോളം രൂപ ഈ വർഷം ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം പല മദ്രസ്സകൾക്കും നഷ്ടപ്പെടാൻ ഇടയാകുമെന്ന ആശങ്ക ഉളവായിരിക്കുകയാണ്. അപേക്ഷാഫോമിലെ അപാകതകാരണം അപേക്ഷകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ വഴി അപേക്ഷകർക്ക് തിരിച്ച് നൽകുകയുണ്ടായി. അപാകതകൾ പരിഹരിച്ച് മദ്രസ്സ കമ്മിറ്റികൾ

ഡി.ഡി.മാരെ തിരിച്ചേൽപ്പിച്ച അപേക്ഷകൾ തുടർനടപടികൾക്കായി ഡി.പി.ഐ-ക്ക് നൽകുന്നതിൽ വീഴ്ച വരുത്തിയിരിക്കുകയാണ്. അപേക്ഷയോടൊപ്പം നൽകേണ്ട ഫോം നമ്പർ-5 കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർ നൽകാത്തതുകൊണ്ട് ഒട്ടേറെ ആളുകൾ പ്രയാസം നേരിടുകയാണ് ചാർട്ടേർഡ് അക്കൗണ്ടന്റ് ഒപ്പിട്ട ആഡിറ്റ് റിപ്പോർട്ട് സമർപ്പിക്കണമെന്നുള്ളത് വളരെ പെട്ടെന്നുണ്ടായ നിർദ്ദേശമായതിനാൽ എല്ലാവർക്കും ഇത് പാലിക്കാൻ കഴിഞ്ഞിട്ടില്ല. ഈ വ്യവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. അർഹതപ്പെട്ട എല്ലാ മദ്രസ്സകൾക്കും ഗ്രാന്റ് ലഭ്യമാക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): മദ്രസ്സകളിൽ ഇപ്പോൾ നടക്കുന്ന പഠനത്തിനുപുറമേ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ ശാസ്ത്രം, ഗണിതം, സാമൂഹ്യ ശാസ്ത്രം, ഹിന്ദി, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾകൂടി ഉൾപ്പെടുത്തി ആധുനിക പഠനം നടത്താനുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതിയനുസരിച്ച് 2008-09-ൽ 3 കോടി 6 ലക്ഷം രൂപ ലഭിക്കുകയും വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 2009-10-ലെ വിഷയമാണ് ഇപ്പോൾ ഉന്നയിച്ചിരിക്കുന്നത്. ഈ വർഷം പുതിയ ഫോർമാറ്റിലാണ് അപേക്ഷകൾ നൽകേണ്ടതെന്നുള്ളതുകൊണ്ട് ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ കൊടുത്തെങ്കിലും അപേക്ഷകർ സമർപ്പിച്ച ചില അപേക്ഷകളിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉണ്ടായിരുന്നില്ല. അത്തരം പോരായ്മകൾ ദൂരീകരിക്കാനുള്ള നടപടികളാണ് ഉദ്യോഗസ്ഥർ സ്വീകരിച്ചിട്ടുള്ളത്. ഇവിടെ ഉദ്യോഗസ്ഥരുടെ അനാസ്ഥയല്ല കാരണം. ഏത് തരത്തിലാണ് ഈ അപേക്ഷകൾ കൃത്യമായി പൂരിപ്പിക്കേണ്ടതെന്ന നിർദ്ദേശങ്ങൾ സഹിതം അപേക്ഷകൾ തിരിച്ചയച്ചു കൊടുക്കുകയും അപേക്ഷകളോടൊപ്പം സമർപ്പി

ക്കേണ്ടിയിരുന്ന പാർട്ട് II, III ഫോർമാറ്റുകൾകൂടി ഉൾപ്പെടുത്തി തിരുത്തി അയയ്ക്കാനുള്ള അവസരം എല്ലാ സ്ഥാപനങ്ങൾക്കും നൽകുകയും വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പത്തനംതിട്ട, ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ അപേക്ഷകളൊഴിച്ച് ബാക്കി 11 ജില്ലകളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആർക്കും അവസരം നഷ്ടപ്പെടാതിരിക്കാനും ലഭിക്കുന്ന ഫണ്ട് സംസ്ഥാനത്തിന് നഷ്ടപ്പെടാതിരിക്കാനും ആവശ്യമായ എല്ലാ മുൻകരുതലുകളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ലഭിച്ച അപേക്ഷകളുടെ ലിസ്റ്റ് തയ്യാറായിട്ടുണ്ട്. അത് 24-3-2010-ന് ഗ്രാന്റ്-ഇൻ-എയ്ഡ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ അംഗീകാരത്തോടെ അപേക്ഷകൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതുമാണ്. കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർ ഫോം നമ്പർ-5 നൽകാത്തതു സംബന്ധിച്ച വിഷയം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ് .

**സബ്മിഷൻ**

(1) <u>പിന്നോക്ക സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> സംസ്ഥാനത്തെ ജനസംഖ്യാനുപാതത്തിൽ 78 ശതമാനത്തോളം വരുന്ന പിന്നോക്ക ജനവിഭാഗങ്ങൾക്ക് ഉദ്യോഗ രംഗത്ത് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കാൻ ജസ്റ്റീസ് രാജേന്ദ്രബാബു കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ മെറിറ്റും സംവരണവും ചേർന്ന് 50:50 എന്ന അനുപാതം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്യുതാനന്ദൻ)</u>: ഉദ്യോഗ നിയമനങ്ങളിൽ പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ സ്വീകരിക്കേണ്ട

നടപടികൾ നിർദ്ദേശിച്ചുകൊണ്ട് 2-2-2006-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് 2-2-2006 മുതൽ നിയമനങ്ങൾക്കുള്ള റാങ്ക് ലിസ്റ്റിൽ സംവരണ സമുദായങ്ങൾക്കുള്ള നിർദ്ദിഷ്ട ശതമാനം ഉദ്യോഗാർത്ഥികൾ ഇല്ലാതെ വന്നാൽ ആ ഒഴിവുകൾ നീക്കിയിട്ടശേഷം പ്രസ്തുത സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി ആ വർഷംതന്നെ നേരിട്ട് നിയമനം നടത്താനും വീണ്ടും ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വന്നാൽ ഒരിക്കൽക്കൂടി ഒഴിവുകൾ വിജ്ഞാപനം ചെയ്യാനും നിർദ്ദേശിച്ചുകൊണ്ട് 8-3-2006-ലെ സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്. ആന്റ് എസ്.എസ്.ആർ. ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. രണ്ടാമത്തെ തവണയും ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വന്നാൽ പ്രസ്തുത ഒഴിവുകൾ ലിസ്റ്റിലുള്ള മറ്റ് പിന്നോക്ക വിഭാഗങ്ങളിൽനിന്നോ പട്ടികജാതി/പട്ടിക വർഗ്ഗങ്ങളിൽനിന്നോ നികത്താൻ ഉത്തരവായിട്ടുണ്ട്. ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വന്നാൽ മാറ്റിവച്ച ഒഴിവുകളിലേയ്ക്ക് ആ വർഷം നിയമനം നടത്താനും സംവരണം 50:50 എന്നുള്ള അനുപാതം കവിയാൻ പാടില്ലെന്നുള്ള വ്യവസ്ഥ ബാധകമാക്കേണ്ടതില്ലെന്നും അറിയിച്ചിട്ടുണ്ട്. അപ്രകാരം സംവരണ സമുദായങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട ഉദ്യോഗ സംവരണ ക്വാട്ട ഭാവിയിൽ നഷ്ടപ്പെടാതെ ലഭ്യമാക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കൊഴികെ മറ്റൊരു സമുദായത്തിനും ഉദ്യോഗ നിയമനത്തിലെ സംവരണ കുറവ് നികത്തുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നിലവിൽ നിയമമില്ല. 23-2-2007-ലെ സുപ്രീംകോടതി വിധിയുടെ കണ്ടെത്തലുകൾക്ക് അനുസൃതമായി പിന്നോക്ക വിഭാഗങ്ങൾക്ക് ക്രീമിലെയർ പരിധി നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങൾ എന്തൊക്കെയായിരിക്കണമെന്നും അതിന് ഉപോൽബലകമായി

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മറ്റ് സമുദായങ്ങളുമായി മേൽപ്പടി സമുദായങ്ങളെ താരതമ്യം ചെയ്യേണ്ടതുണ്ടോയെന്ന് ശുപാർശ ചെയ്യുക; പിന്നോക്ക വിഭാഗങ്ങളിലെ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും ഇപ്പോൾ അതേ തൊഴിലുകളിൽ തുടരുന്നതുമായ വിഭാഗങ്ങളെ നിശ്ചയിക്കുന്നതിലുള്ള മാനദണ്ഡം എന്തായിരിക്കണമെന്ന് ശുപാർശ ചെയ്യുക, വരുമാന പരിധി നിശ്ചയിക്കുന്നതിന് ശാസ്ത്രീയമായി എന്തൊക്കെ ഘടകങ്ങൾ പരിഗണിക്കണമെന്നും എന്തൊക്കെ ഘടകങ്ങൾ പരിഗണിക്കേണ്ടതില്ലെന്നും ശുപാർശ ചെയ്യുക തുടങ്ങിയ കാര്യങ്ങൾ പിന്നോക്ക വിഭാഗത്തിലെ ക്രീമിലെയർ പരിധി നിശ്ചയിക്കുന്നതിനായി സർക്കാർ നിയമിച്ച ജസ്റ്റിസ് രാജേന്ദ്രബാബു ചെയർമാനായ മൂന്നംഗ കമ്മിഷന്റെ പരിശോധനയ്ക്കായി സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. കമ്മിഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെട്ട ക്രീമിലെയറിനെ സംബന്ധിച്ച ശുപാർശകളിൽ സർക്കാർ തീരുമാനം എടുക്കുകയും 26-09-2009-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെട്ടിട്ടില്ലാത്ത സുപ്രീം കോടതി വിധിയുടെ വെളിച്ചത്തിൽ കെ.എസ്. ആന്റ് എസ്.എസ്.ആർ റൂൾ 14(സി)-യിൽ ഭേദഗതി വരുത്തണമെന്നതു സംബന്ധിച്ച ശുപാർശയിൻമേൽ ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

(2) <u>അഖിൽ ഭദ്രന്റെ ആത്മഹത്യ</u>

<u>ശ്രീ. വി. ജെ. തങ്കപ്പൻ</u>: നെയ്യാറ്റിൻകര പോളിടെക്നിക്കിലെ വിദ്യാർത്ഥിയായിരുന്ന അഖിൽ ഭദ്രന്റെ ആത്മഹത്യയ്ക്ക് കാരണക്കാരായ അധ്യാപകർക്കെതിരെ സർവ്വീസിൽനിന്ന് പിരിച്ചുവിടുന്നതടക്കമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): നെയ്യാറ്റിൻകര പോളിടെക്നിക്കിലെ അഖിൽഭദ്രൻ ആത്മഹത്യ ചെയ്ത സംഭവത്തിൽ സങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരാണെന്ന് കണ്ടെത്തിയ ഈ പോളിടെക്നിക്കിലെ പ്രിൻസിപ്പൽ ശ്രീമതി ചന്ദ്രിക, കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിലെ ഹെഡ് ഓഫ് സെക്ഷൻ ശ്രീമതി ബീന, കമ്പ്യൂട്ടർ സയൻസ് ലക്ച്ചറർ ശ്രീ. എം.ജി. സജി എന്നിവരെ സസ്പെൻഡ് ചെയ്തുകൊണ്ട് വിശദമായ അന്വേഷണം നടത്താൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്.

(3) ജെ.ബി.ഐ.സി. സഹായത്തോടെയുള്ള സഹായപദ്ധതി

ശ്രീ. പി. എം. എ. സലാം: കോഴിക്കോട് നഗരപ്രദേശത്തേയും ചുറ്റുപാടുമുള്ള പ്രദേശങ്ങളിലേയും രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിന് കോഴിക്കോട് ശുദ്ധജലവിതരണ പദ്ധതി ജെ.ബി. ഐ.സി. പദ്ധതിയിൽപ്പെടുത്തി അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) കോഴിക്കോട് ജില്ലയിൽ അഞ്ച് പാക്കേജുകളിലായി നടപ്പിലാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. പാക്കേജ് 1-ന്റെ പണികൾക്ക് പാറ പൊട്ടിക്കുന്നതിനുവേണ്ടി വന്ന തടസ്സങ്ങളും വെല്ലിന്റെ സ്ഥാനം മാറ്റി സ്ഥാപിക്കേണ്ടി വന്നിരിക്കുന്നതിനാലും പദ്ധതി പ്രവർത്തനം മന്ദഗതിയിലായി. പാക്കേജ് 3-ന്റെ പണികൾ ഏറ്റെടുത്ത കോൺട്രാക്ടർ ഗുരുതരമായ വീഴ്ച വരുത്തുകയും അത്രയും വലിയ വോള്യൂം ഓഫ് വർക്ക് ഏറ്റെടുത്ത് നടത്താനുള്ള ശേഷി അദ്ദേഹത്തിന് ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത

കരാർ പുനരവലോകനം ചെയ്ത് റി-പാക്കേജ് ചെയ്ത് പുതിയ സംവിധാനം ആരംഭിച്ചിരിക്കുകയുമാണ്. പെരുവണ്ണാമൂഴി ഡാമിനു സമീപത്തുള്ള ശുദ്ധീകരണശാല പണിയുന്നതിനായി പാറ പൊട്ടിക്കുന്നതിനുള്ള നടപടികൾ ഡാം സേഫ്റ്റി അതോറിറ്റിയുടെ ശുപാർശ പ്രകാരം സ്വീകരിക്കുകയും കിണർ പണിയുന്നതിനുള്ള അനുവാദം ലഭിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പാക്കേജുകളിലായി പൈപ്പ് സ്ഥാപിക്കൽ പ്രവൃത്തികൾ ദ്രുതഗതി യിൽ നടന്നുവരികയാണ്. പ്രവർത്തന പുരോഗതി കേരള വാട്ടർ അതോറിറ്റി നിരന്തരം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നുണ്ട്. ആകെയുള്ള 20 ജലസംഭരണികളിൽ 15 എണ്ണ ത്തിന്റെ പ്രവർത്തികൾ അന്തിമ ഘട്ടത്തിലും രണ്ടെണ്ണത്തിന്റെ പണി പുരോ ഗമിച്ചുവരികയുമാണ്. മൂന്ന് ജലസംഭരണികൾ നിർമ്മിക്കാനുള്ള സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല. ഇതിന്റെ ടെണ്ടർ ഡോക്കുമെന്റ്സ് തയ്യാറാക്കിക്കൊണ്ടിരി ക്കുകയാണ്. 2011 മാർച്ച് മാസത്തോടെ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ പൂർത്തിയാക്കി ഭാഗികമായി ശുദ്ധജലവിതരണം ഏർപ്പെടുത്താനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി 2011 അവസാനമേ പൂർണ്ണമായി കമ്മീ ഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ.

(4) <u>ക്ഷീര കർഷകക്ഷേമം</u>

<u>ശ്രീ. ജി. കാർത്തികേയൻ</u>: 18-3-2010-ന് സെക്രട്ടേറിയേറ്റ് പടിക്കൽ സമരം നടത്തുന്ന ക്ഷീരകർഷകർ ഉന്നയിച്ചിരിക്കുന്ന അടിസ്ഥാന ആവശ്യങ്ങൾക്ക് പരിഹാരം കാണാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ)</u>: ഏകദേശം 14 ലക്ഷത്തോളം ക്ഷീരകർഷകർക്ക് കുടൂതൽ സഹായം നൽകുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

പശുഗ്രാമം, മിൽക്ക്ഷെഡ്, വിദർഭ പാക്കേജ് എന്നീ പദ്ധതികളിലൂടെ കർഷകർക്ക് പശുക്കളെ വിതരണം ചെയ്യുകയും സൗജന്യ ബീജസങ്കലന പദ്ധതിക്കായി ഏഴ് കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് കോടി രൂപ ക്ഷേമനിധിക്കായും രണ്ട് കോടി രൂപ കാലിത്തീറ്റയ്ക്ക് ഗ്രാന്റായും നൽകിയിട്ടുണ്ട്. ക്ഷീരകർഷകർക്കുള്ള വായ്പയ്ക്ക് പലിശയിളവും സബ്സിഡിയും അനുവദിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. കാലിത്തീറ്റയ്ക്കുള്ള സബ്സിഡി തുടരുന്നതോടൊപ്പം ക്ഷേമനിധി ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം മൂന്ന് തവണ പാലിന്റെ വില വർദ്ധിപ്പിച്ചെങ്കിലും അതിന്റെ ആനുകൂല്യം ക്ഷീരകർഷകർക്ക് ലഭ്യമാകുന്നില്ലെന്ന പരാതി ഉയർന്നുവന്ന സാഹചര്യത്തിൽ പാലിന്റെ വില വർദ്ധിപ്പിക്കുമ്പോൾ ക്ഷീരകർഷകർക്ക് നേരിട്ട് ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(5) <u>കുടിവെള്ള ക്ഷാമം</u>

<u>ശ്രീ. സി. പി. മുഹമ്മദ്</u>: പട്ടാമ്പിയുൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുമ്പോൾ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നത് തടയാനും പൂർത്തിയാക്കിയ പദ്ധതികളുടെ കേടുവന്ന മോട്ടോറുകൾ യുദ്ധകാലാടിസ്ഥാനത്തിൽ റിപ്പയർ ചെയ്യുന്നതിനും പട്ടാമ്പി ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കാനും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള തടയണകൾ എത്രയും വേഗം പ്രാവർത്തികമാക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ)</u> വരൾച്ചക്കാലത്ത് ഒരുകാരണവശാലും ശുദ്ധജല വിതരണ പദ്ധതികളുടെ

വൈദ്യുതി കണക്ഷൻ വിഛേദിക്കാതിരിക്കാനാവശ്യമായ നടപടികൾ ഇലക്ട്രിസിറ്റി ബോർഡും കേരള വാട്ടർ അതോറ്റിയും സംയുക്തമായി സ്വീക രിക്കുകയും മലബാർ ഇറിഗേഷൻ പാക്കേജിൽ (മിർപ) ഉൾപ്പെടുത്തി ധാരാളം ചെറുകിട തടയണകളും ജലസംഭരണ പദ്ധതികളും നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എത്രയും പെട്ടെന്ന് ഈ പ്രവൃത്തികൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പട്ടാമ്പി നിയോജകമണ്ഡലത്തിലെ രണ്ടുമൂന്ന് വാട്ടർ സപ്ലൈ സ്കീമുകളിൽ സ്രോതസ്സിൽ ജലലഭ്യത കുറഞ്ഞതുമൂലം പമ്പിംഗ് ശേഷിയിലെ കാര്യക്ഷമത ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ താൽക്കാലികമായി സാന്റ് ബാഗ് ഉൾപ്പെടെയുള്ള തടയണകൾ നിർമ്മിച്ച് ജലസ്രോതസ്സ് മെച്ചപ്പെടു ത്തിയാൽ മാത്രമേ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളിലൂടെ ജലവിത രണം കാര്യക്ഷമമായി നടപ്പാക്കാൻ കഴിയുകയുള്ളൂ. മോട്ടോറുകളും പമ്പു സെറ്റുകളും മാറ്റി വയ്ക്കുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും യുദ്ധ കാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആവശ്യമായ സ്ഥലങ്ങളിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുടെ അപേക്ഷയനുസരിച്ച് ഇവ മാറ്റി സ്ഥാപിക്കാനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടാമ്പി നിയോജ കമണ്ഡലത്തിലെ വിളയൂർ പഞ്ചായത്തിൽ പുതിയ കുടിവെള്ള പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച നിവേദനം ഗവൺമെന്റിന്റെ സജീവ പരിഗണ നയിലാണ്.

(6) <u>കെ. എസ്.എഫ്. ഇ ജീവനക്കാരുടെ സെക്രട്ടേറിയേറ്റ് ധർണ്ണ</u>

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർക്കാർ ജീവനക്കാരുടെ പെൻഷൻ പദ്ധതി അനുവദിക്കണം; ശമ്പള പരിഷ്ക്കരണം നടപ്പിലാക്കണം, ബിസിനസ്സ് റിവ്യൂ

കൃത്യമായി നടത്തി അതിന്റെ അടിസ്ഥാനത്തിലുള്ള പ്രൊമോഷനുകൾ നൽകണം തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കെ.എസ്.എഫ്.ഇ. ജീവനക്കാർ, 18-3-2010-ന് സെക്രട്ടേറിയറ്റ് നടയിൽ ധർണ്ണ നടത്തുകയാണ്. അവരുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): കെ.എസ്.എഫ്.ഇ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച ദീർഘകാല കരാറിന്റെ കാലാവധി 2007 ജൂലൈ 30-ന് അവസാനിക്കുകയും 2007 ആഗസ്റ്റ് 1 മുതൽ പ്രാബല്യത്തിൽ വരേണ്ട പുതിയ കരാർ സംബന്ധിച്ചുള്ള ചർച്ചകൾ 2008 മാർച്ച് മാസം ആരംഭിക്കുകയും തുടർന്ന് 2008 ജൂലൈ 8-ൽ നടന്ന രണ്ടാമത്തെ ചർച്ചയിൽ 13 ശതമാനം ഇടക്കാലാശ്വാസം അനുവദിക്കുകയും ചെയ്തു. ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായി അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കേണ്ട ക്ഷാമബത്ത സംബന്ധിച്ച ഏകദേശ ധാരണയായിട്ടുണ്ട്. പുതിയ ശമ്പള സ്കെയിലും അതിലേയ്ക്കുള്ള ഫിറ്റ്മെന്റും സംബന്ധിച്ച് ഉടൻ തന്നെ തീരുമാനിക്കുന്നതാണ്. ഈ വർഷം ജൂൺ മാസത്തിനുള്ളിൽ ശമ്പള പരിഷ്ക്കരണം നടപ്പാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം നടപ്പാക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. കമ്പനി വർക്ക്മെൻ വിഭാഗത്തിലെ ജീവനക്കാരുടെ ട്രാൻസ്ഫർ നോംസ് അംഗീകൃത തൊഴിലാളി സംഘടനകളുടെ അംഗീകാരത്തോടെ നടപ്പാക്കിയിട്ടുണ്ട്. ഓഫീസർമാരുടെ ട്രാൻസ്ഫർ നോംസ് സംബന്ധിച്ച് അവരുടെ അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്ത് നടപ്പിൽ വരുത്തുന്നതാണ്.

(7) കാർഷികാദായ നികുതി

ശ്രീമതി ഇ.എസ്. ബിജിമോൾ: പീരുമേട്ടിൽ വീണ്ടും തുറന്നു പ്രവർത്തിക്കുന്ന തോട്ടങ്ങൾക്ക് കാർഷികാദായ നികുതിയിൽ ഇളവ് നൽകുകയും അവയെ തോട്ടം നികുതിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): കാർഷികാദായ നികുതിയും തോട്ടം നികുതിയും ഒഴിവാക്കാൻ സാധ്യമല്ല. അടഞ്ഞുകിടന്ന തോട്ടങ്ങൾ തുറക്കുമ്പോൾ തോട്ടം ഉടമകൾക്ക് ആ കാലയളവിലെ ആനുകൂല്യങ്ങൾ ലഭിക്കണം. ഇപ്പോൾ തന്നെ നഷ്ടം വരുന്ന വർഷങ്ങളിൽ നികുതി നൽകേണ്ട ആവശ്യമില്ല. നഷ്ടം അടുത്തകൊല്ലത്തേയ്ക്ക് ക്യാരി ഫോർവേഡ് ചെയ്യാവുന്നതാണ്. ഇങ്ങനെ 8 കൊല്ലത്തോളം ക്യാരി ഫോർവേഡ് ചെയ്യാം. ലാഭം ഉണ്ടായാൽ തന്നെ പുതുതായി തുറക്കുന്ന തോട്ടങ്ങൾക്ക് ടാക്സ് ഡിഫർമെന്റ് നൽകുന്ന കാര്യം തീരുമാനിക്കുന്നതാണ്.

(8) വോൾട്ടേജ് ക്ഷാമം

ശ്രീ. കെ.കെ. ഷാജു: 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിച്ച് പന്തളത്തും പരിസര പ്രദേശങ്ങളിലും അനുഭവപെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പന്തളം പ്രദേശത്ത് ദീർഘകാലമായി നിലനിൽക്കുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി വിതരണ ശൃംഖലകൾ ശക്തിപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പന്തളം പഞ്ചായത്തിന്റെ കൈവശമുള്ള പുറമ്പോക്കും റവന്യൂ ഭൂമിയും കെ.എസ്.ഇ.ബി. വിലയ്ക്ക് വാങ്ങുകയും സബ് സ്റ്റേഷൻ നിർമ്മാണ

പ്രവർത്തനങ്ങളുടെ നടപടികൾ പൂർത്തിയായി വരികയുമാണ്. 2010-11 സാമ്പത്തിക വർഷത്തിൽ തന്നെ സബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

(9) ജില്ലാ തല റോഡുകൾ

ശ്രീ. കെ.സി. ജോസഫ്: ഇരിക്കൂർ മണ്ഡലത്തിൽ ഒ.ഡി.ആർ. ആയിരുന്നവ എം.ഡി.ആർ. ആക്കി എം.ഡി.ആർ. പട്ടിക പുന: പ്രസിദ്ധീകരിക്കാനും ഇരിക്കൂർ, പേരാവൂർ പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.പി.ജെ.ജോസഫ്): ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടെ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമില്ലാത്തതും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനം നടത്താൻ കഴിയാതെ വന്നതുമായ പൊതു പ്രാധാന്യമുള്ള ധാരാളം റോഡുകൾ സഞ്ചാര യോഗ്യമല്ലാത്ത അവസ്ഥയിലായി. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നേരത്തെ ഉണ്ടായിരുന്നതും ജില്ലാതല പ്രാധാന്യമുള്ളതുമായ പ്രധാന റോഡുകൾ പൊതുമരാമത്ത് വകുപ്പിൽ നിക്ഷിപ്തമാക്കണമെന്നുള്ള നിയമസഭാ സബ്ജക്ട്കമ്മിറ്റിയുടെ ശുപാർശയുടേയും എം.പി.മാർ, എം.എൽ.എ.മാർ മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ 7385 കി.മീ റോഡുകൾ എം.ഡി.ആർ പട്ടികയിലുൾപ്പെടുത്തി പി.ഡബ്ള്യൂ.ഡി.യിൽ നിലനിർത്തികൊണ്ട് 14-9-09-ൽ സർക്കാർ ഉത്തരവായി. അതിൽ ഇരിക്കൂർ മണ്ഡലത്തിൽപ്പെട്ട 141.5 കി.മീ ദൈർഘ്യമുള്ള 15 റോഡുകൾ ഉൾപ്പെട്ടിട്ടുണ്ട്. പുതിയ റോഡുകൾ ഏറ്റെടുക്കാൻ പല പ്രശ്നങ്ങളുമുള്ളതുകൊണ്ട് അതിനുള്ള നടപടികൾ ഇപ്പോൾ കൈക്കൊള്ളുന്നില്ല.

(10) നെച്ചൂർക്കടവ് പാലം

ശ്രീ. എം.ജെ. ജേക്കബ്: മൂവാറ്റുപുഴ ആറിന് കുറുകെയുള്ള നെച്ചൂർക്കടവ് പാലത്തിന്റെ പണികൾ അടിയന്തിരമായി പൂർത്തീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ പി.ജെ. ജോസഫ്): 2004-ൽ ആരംഭിച്ച നെച്ചൂർക്കടവ് പാലത്തിന്റെ അവശേഷിക്കുന്ന പണികൾക്കുള്ള ടെൻഡർ സർക്കാരിന്റെ പരിഗണനയിലാണ്. എത്രയുംവേഗം അനുമതി നൽകുന്നതാണ്.

(11) പാലങ്ങളുടെ പുനർ നിർമ്മാണം

ശ്രീ. വി.ചെന്താമരാക്ഷൻ: പാലക്കാട് ജില്ലയിലെ ചിറ്റൂർ-ആലത്തൂർ താലൂക്കുകളേയും പല്ലശ്ശാന പഞ്ചായത്തിനേയും നെന്മാറ മേലാർക്കോട് പഞ്ചായത്തുകളേയും ബന്ധിപ്പിക്കുന്ന ആറ്റാലക്കടവ് പാലവും നെല്ലിയാംപതിയിലെ നൂറടിപാലവും അടിയന്തിരമായി പുതുക്കി പണിയുന്നതിനും തകർച്ച ഭീഷണിയുള്ള ഊട്ടറ പാലത്തിനുപകരം പുതിയ പാലം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്): കൊല്ലങ്കോട് മണ്ഡലത്തിലെ പല്ലശ്ശന പഞ്ചായത്തിനേയും നെന്മാറ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ആറ്റലക്കടവ് പാലം ഉൾപ്പെടുന്ന റോഡ് പി.ഡബ്ള്യൂ.ഡി. അധീനതയിലല്ലാത്തതിനാൽ പ്രസ്തുത പാലത്തിന്റെ നിർമ്മാണം ഏറ്റെടുക്കാൻ തൽക്കാലം നിർവ്വാഹമില്ല. നെല്ലിയാംപതി പഞ്ചായത്തിലെ നൂറടിപാലവും കൊല്ലങ്കോട് പഞ്ചായത്തിലെ ഊട്ടറ പാലവും പുനർ നിർമ്മിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകുന്നതാണ്.

(12) <u>പാഠ്യ പദ്ധതി</u>

<u>ശ്രീ. വർക്കല കഹാർ</u>: മഹാത്മാഗാന്ധി ശിവഗിരിയിലെത്തി ശ്രീനാരായണഗുരുവുമായി നടത്തിയ സംഭാഷണങ്ങൾ പോലുള്ള ചരിത്ര സംഭവങ്ങൾ പാഠ്യപദ്ധതിയിലുൾപ്പെടുത്തുകയും ഗാന്ധിജി ശിവഗിരിയിൽ വിശ്രമിച്ച വനജാക്ഷി മന്ദിരവും അദ്ദേഹം സന്ദർശിച്ച സ്ഥലവും ശിവഗിരി മഠത്തിന്റെ സഹകരണത്തോടെ വിദ്യാർത്ഥികൾക്ക് പഠന മ്യൂസിയമായി വികസിപ്പിക്കുകയും ചെയ്യണം.

വിദ്യാഭ്യാസവും സാസ്കാരിക കാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u> 1925-ൽ ശിവഗിരി ആശ്രമത്തിൽ ശ്രീനാരായണഗുരുവും മഹാത്മാ ഗാന്ധിയും തമ്മിൽ നടന്ന സംഭാഷണത്തിന്റെ ഉള്ളടക്കം പ്രൊഫ. എം.കെ. സാനു എഴുതിയ ശ്രീനാരായണ ഗുരുസ്വാമി എന്ന ഗ്രന്ഥത്തിൽ ടാഗൂറും ഗാന്ധിയും എന്ന അദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ഇത് ഹൈസ്ക്കൂൾ ക്ലാസ്സിലെ കുട്ടികളുടെ പഠന നിലവാരത്തിനേക്കാൾ ഉയർന്നതാകുമോയെന്നും പഠന ഉള്ളടക്കത്തിന്റെ പരിധിയിൽ വരുന്നതാണോയെന്നും കരിക്കുലം കമ്മിറ്റി പരിശോധിക്കുന്നതാണ്. ശ്രീനാരായണ ഗുരുവും ഗാന്ധിജിയും തമ്മിൽ കണ്ടുമുട്ടിയ സ്ഥലം വിദ്യാർത്ഥികൾക്ക് പഠിക്കാൻ പറ്റുന്ന രീതിയിൽ മ്യൂസിയംപോലെ വികസിപ്പിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

(13) <u>നെടുമങ്ങാട് ബസ് ഡിപ്പോ</u>

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:</u> നെടുമങ്ങാട് കെ.എസ്.ആർ.ടി.സി ഡിപ്പോ ഷോപ്പിംഗ് കോംപ്ലക്സോടുകൂടി നവീകരിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): കെ.എസ്.ആർ.ടി.സി.-യും കെ.ടി.ഡി.എഫ്.സി.യുമായി ഉണ്ടാക്കിയ ബി.ഒ.ടി.കരാറിന്റെ ഒന്നാംഘട്ട പട്ടികയിൽ നെടുമങ്ങാട് കെ.എസ്.ആർ. ടി.സി. ഡിപ്പോയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രായോഗികമായ ബുദ്ധിമുട്ടുള്ളതിനാൽ ഷോപ്പിംഗ് കോംപ്ലക്സോടുകൂടിയ നവീകരണ പ്രവർത്തനങ്ങൾ ഉടനെ നടപ്പിലാക്കുവാൻ കഴിയുകയില്ല.

(14) പൂക്കോട് വെറ്ററിനറി കോളേജ്

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: പൂക്കോട് വെറ്ററിനറി കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിക്കണം. ഈ കോളേജ് ആസ്ഥാനമാക്കി സർവ്വകലാശാല ആരംഭിക്കണം.

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): മണ്ണുത്തി, പൂക്കോട് വെറ്ററിനറി കോളേജുകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. സഞ്ചരിക്കുന്ന മൃഗാശുപത്രികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. നിലവിലുള്ള കോൺട്രാക്ടർമാരെ മാറ്റി പുതിയ ടെണ്ടർ വിളിച്ച് കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൂക്കോട് വെറ്ററിനറി കോളേജിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കാർഷിക സർവ്വകലാശാലയോട് ആവശ്യപ്പെടുന്നതാണ്.

(15) കനത്ത മഴയും ചുഴലിക്കാറ്റും മൂലമുണ്ടായ നാശനഷ്ടങ്ങൾ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: 2010 മാർച്ച് 15, 16 തീയതികളിൽ പേരാവൂർ നിയോജകമണ്ഡലത്തിൽ കനത്ത മഴയും ചുഴലി കൊടുംകാറ്റു

നിമിത്തമുണ്ടായിട്ടുള്ള വമ്പിച്ച നാശത്തിന് കാലവർഷക്കെടുതിയിലുൾപ്പെടുത്തി എത്രയുംവേഗം നഷ്ടപരിഹാരം കൊടുക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രയുംവേഗം നഷ്ട പരിഹാരം വിതരണം ചെയ്യുന്നതാണ്.

(16) പട്ടികജാതിക്കാർക്ക് ഭൂമി

ശ്രീ. പള്ളിപ്രം ബാലൻ: കൃഷി ഉപജീവന മാർഗ്ഗമായി സ്വീകരിച്ച ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഒരേക്കർ ഭൂമി വീതമെങ്കിലും നല്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): കേരള ഭൂമി പതിവ് നിയമപ്രകാരം ഭൂരഹിതരായ ആദിവാസികൾക്കു മാത്രമേ ഒരേക്കറോ അതിലധികമോ ഭൂമി കൃഷി ആവശ്യത്തിന് പതിച്ചു നല്കാൻ വ്യവസ്ഥയുള്ളൂ. ഹിൽ ട്രാക്കിൽപ്പെടുന്ന ഭൂമി കൃഷിയാവശ്യത്തിന് ഒരേക്കർ വീതം പതിച്ചു നൽകുമ്പോൾ ലഭ്യമായ ഭൂമിയും 25 ശതമാനം പട്ടികജാതിക്കാർക്ക് പതിച്ചു നൽകാനും വ്യവസ്ഥയുണ്ട്. നിയമത്തിലും ചട്ടത്തിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

(17) ഭൂ നികുതി

ശ്രീ. മഞ്ഞളാംകുഴി അലി: മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി, കുറുവ ഗ്രാമ പഞ്ചായത്തുകളിലെ നൂറ്റിയമ്പതോളം വരുന്ന വീട്ടുകാരുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ നികുതി റവന്യൂ വകുപ്പ് സ്വീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി, കുറുവ ഗ്രാമ പഞ്ചായത്തുകളിൽ ചില കേസ്സുകൾ

നിലനില്ക്കുന്നുണ്ട്. അതിനെത്തുടർന്നാണ് അവരുടെ നികുതി സ്വീകരിക്കുന്നതിന് തടസ്സം വന്നത്. താലൂക്ക് ലാന്റ് ബോർഡിലേയ്ക്ക് ഹൈക്കോടതിയിൽനിന്നും തിരിച്ച് വീണ്ടും റിമാന്റ് ചെയ്ത് വന്നിട്ടുണ്ട്. സ്റ്റേ വെക്കേറ്റ് ചെയ്ത കേസുകളിലും ലാന്റ് ബോർഡിൽ തിരിച്ചുവന്ന കേസുകളിലും ഏറ്റവും വേഗത്തിൽ തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞാൽ ഇവർക്ക് ഭൂമി വിതരണം ചെയ്യാനും നിയമപരമായിട്ടുള്ള അവരുടെ അവകാശങ്ങൾ ഉറപ്പ് വരുത്താനും കഴിയും. ഇതിനുള്ളിൽ നിന്നുകൊണ്ട് താമസമില്ലാതെ ഭൂനികുതി സ്വീകരിക്കാൻ എങ്ങനെ കഴിയും എന്നതിനെക്കുറിച്ച് പരിശോധിക്കാം. ലാന്റ് ബോർഡിലെ അംഗങ്ങൾ താല്പര്യമെടുത്താൽ വർഷങ്ങളായി താമസിക്കുന്ന പാവപ്പെട്ട ആളുകളുടെ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നതാണ്. ഇക്കാര്യം പ്രത്യേകമായി പരിശോധിച്ച് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.

(18) <u>കൈവശകൃഷിക്കാർക്ക് പട്ടയം</u>

<u>ശ്രീ. കെ. സി. കുഞ്ഞിരാമൻ</u>: മാനന്തവാടി താലൂക്കിലെ റീ-സർവ്വേ 182-ൽപ്പെട്ട 90 ഏക്കർ സ്ഥലത്തെ താമസക്കാർക്ക് കൈവശാവകാശ രേഖയും പട്ടയവും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u>): മാനന്തവാടി താലൂക്കിൽ നിക്ഷിപ്ത വനഭൂമിയായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള റീ സർവ്വേ 182-ൽപ്പെട്ട ഭൂമിയുടെ ഭൂരിഭാഗവും വർഷങ്ങളായി ജനങ്ങൾ കൈവശം വച്ച് കൃഷിചെയ്തും താമസിച്ചും വരികയാണ്. റവന്യൂ-വനം വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധനയിൽ കുറച്ച് കുടുംബങ്ങൾക്ക്കൂടി കൈവശരേഖ ലഭിക്കാനുണ്ടെന്ന് മനസ്സിലായി. ഒരു പരിശോധനകൂടി നടത്തി

എത്രയുംവേഗം കൈവശരേഖ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുപുറമെ ഇവർക്ക് വൈദ്യുതി, വെള്ളം, കൃഷി ആനുകൂല്യങ്ങൾ ഇവ ലഭ്യമാകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെയും വൈദ്യുതി വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് നടത്തി വീട് നമ്പർ കൊടുക്കാനുള്ള പരിപാടിയും തയ്യാറാക്കിയിട്ടുണ്ട്. ഏപ്രിൽ മേയ് മാസത്തിൽ മാനന്തവാടി, വയനാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ അയ്യായിരത്തോളം കുടുംബങ്ങൾക്ക് ഭൂമിയും പട്ടയവും കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(19) മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ച്

ശ്രീമതി കെ. എസ്. സലീഖ: പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം എഞ്ചിനീയിംഗ് കോളേജിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സ്ഥലം, ലാബ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും അധ്യാപക നിയമനത്തിന് വേണ്ടിവരുന്ന സാമ്പത്തികബാധ്യതയും പരിശോധിച്ചശേഷം ശ്രീകൃഷ്ണപുരം എഞ്ചിനിയറിംഗ് കോളേജിൽ മെക്കാനിക്കൽ ബ്രാഞ്ച് തുടങ്ങുന്നതാണ്.

(20) നാക് അക്രഡിറ്റേഷൻ

പ്രൊഫ. എൻ. ജയരാജ്: കേരളത്തിലെ സർവ്വകലാശാലകളുടേയും കോളേജുകളുടേയും ഗുണനിലവാരം വിലയിരുത്തുന്നതിനുള്ള കേന്ദ്ര ഏജൻസിയായ നാക്-ന്റെ അക്രഡിറ്റേഷൻ യു.ജി.സി ഉൾപ്പെടെയുള്ള ധനസഹായത്തിന്റെ പ്രധാന മാനദണ്ഡമാണ്. നിലവിലുള്ള മാനദണ്ഡമനുസരിച്ച് കാലാവധി അവസാനിക്കുന്നതിന് ആറ് മാസം മുമ്പ് അക്രഡിറ്റേഷൻ

പുതുക്കുന്നതിന് അപേക്ഷയും സ്വയം പഠന റിപ്പോർട്ടും നാക്-ന് സമർപ്പിക്കണമെന്ന നിബന്ധന പാലിക്കാത്തതിനാൽ നാല് സർവ്വകലാശാലകൾക്കും 65 കോളേജുകൾക്കും അക്രഡിറ്റേഷൻ നഷ്ടപ്പെട്ടത് പുന:സ്ഥാപിക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണം

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കോഴിക്കോട് സർവ്വകലാശാല യഥാസമയം അപേക്ഷ നൽകിയിട്ടുള്ളതിനാൽ നാക് അക്രഡിറ്റേഷൻ താമസിയാതെ പുതുക്കി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മഹാത്മാഗാന്ധി സർവ്വകലാശാല 2003-ലാണ് ആദ്യമായി അക്രഡിറ്റേഷൻ നേടിയത്. അഞ്ചുവർഷത്തേക്ക് ഇത് ലഭിച്ചു. ഒരു വർഷം ഗ്രേസ് പീരിയഡുണ്ട്. 2009 ഫെബ്രുവരിയിൽ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കുസാറ്റിന്റെ അക്രഡിറ്റേഷൻ 2006-ൽ അവസാനിച്ചതിനെത്തുടർന്ന് മൂന്നു വർഷം അക്രഡിറ്റേഷൻ ഇല്ലാതെ തുടർന്നു. ഇപ്പോൾ റീ-അക്രഡിറ്റേഷൻ നൽകാമെന്ന് സമ്മതിച്ച് നാക്-ൽ നിന്നും സർവ്വകലാശാലയ്ക്ക് കത്ത് ലഭിച്ചിട്ടുണ്ട്. കേരള സർവ്വകലാശാല 2009-നവംബറിൽ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഏതെങ്കിലും സർവ്വകലാശാലയുടേയോ കോളേജിന്റേയോ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

(1) 2010-ലെ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബില്ലിനെ സംബന്ധിച്ച സബ്ജക്ട്

കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കപ്പെട്ടു

(2) ഹർജികൾ സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം:**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): പ്രമേയത്തെ പിൻതാങ്ങുന്നു.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനും അഴിമതി മുക്തമാക്കുന്നതിനുംവേണ്ടി കൊണ്ടുവന്ന ബില്ലാണിത്. അടിസ്ഥാനപരമായ ഭേദഗതികളും

സാങ്കേതികമായ ചില മാറ്റങ്ങളും വരുത്തേണ്ടത് ആവശ്യമായി വന്നതിനാലും സഹകരണ പ്രസ്ഥാനത്തിന് സാമൂഹിക നീതിയും ഭദ്രതയും വ്യാപകമാക്കത്തക്ക തരത്തിൽ പ്രവർത്തിക്കാൻ കഴിയില്ലെന്ന് ഗവൺമെന്റിന് ഉത്തമബോധ്യം വന്നതിനാലുമാണ് ഈ ഭേദഗതി ബിൽ അവതരിപ്പിക്കുന്നത്. ഈ ബില്ലിൽ 39 സെക്ഷനുകളിലും 48 സബ്സെക്ഷനുകളിലും 17 ക്ലാസുകളിലും ഭേദഗതികൾ വരുന്നുണ്ട്. 9 എക്സ്പ്ലനേഷനുകളും പ്രൊവിസോകളുംകൂടി കൂട്ടി 113 നിയമ ഖണ്ഡങ്ങൾ പുതുതായി കൂട്ടിച്ചേർക്കപ്പെടുകയാണ്. സഹകരണ ഇലക്ഷൻ കമ്മീഷൻ, സഹകരണ റിക്രൂട്ട്മെന്റ് ബോർഡ് എന്നിവയ്ക്ക് പുറമേ ഇപ്പോൾ ഓംബുഡ്സ്മാനെ നിയമിക്കാനും ഈ നിയമത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. സഹകരണ വിജിലൻസ് വകുപ്പും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഒരു വായ്പക്കാരൻ മരിച്ചുപോയാൽ അയാളുടെ സാമ്പത്തിക ബാധ്യതയിൽ ഒരു ലക്ഷം രൂപവരെയുള്ള കടം ഗവൺമെന്റ് എഴുതിത്തള്ളുകയും ആ പണം ബാങ്കിന് റിസ്ക് ഫണ്ടിൽനിന്നും നല്കുന്നതിനും വ്യവസ്ഥയുണ്ട്. സഹകരണ നിക്ഷേപം വർദ്ധിക്കുകയും കുടിശ്ശിക നിവാരണം ശക്തിപ്പെടുകയും ചെയ്തു. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. ബാബു:</u> 2009-ലെ കേരള സഹകരണസംഘം (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2010 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളം ഭരിച്ചിട്ടുള്ള ഗവൺമെന്റുകളുടേയും സഹകരണ പ്രസ്ഥാനത്ത് പ്രവർത്തിച്ചിട്ടുള്ള സഹ

കാരികളുടേയും കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായി കാലാകാലങ്ങളിൽ ഉരുത്തിരിഞ്ഞു വന്ന മുന്നേറ്റമാണ് ഈ രംഗത്ത് ഉണ്ടായിട്ടുള്ളത്. ഈ ബില്ലിലെ 66(എ) വകുപ്പിൽ പറയുന്നത് സഹകരണ സംഘങ്ങൾക്ക് പൊതു നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നല്കുന്നതിന് രജിസ്ട്രാർക്കുള്ള അധി കാരം സംബന്ധിച്ചാണ്. സഹകരണ പ്രസ്ഥാനങ്ങൾ സ്വമേധയാ രൂപപ്പെട്ടി ട്ടുള്ള പ്രസ്ഥാനങ്ങളാണ്. അതിന് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവകാശം വേണം. സഹകരണ പ്രസ്ഥാനത്തിന്റെ സ്വതന്ത്രമായ പ്രവർത്ത നത്തെ തടസ്സപ്പെടുത്തുന്ന ഭേദഗതികളാണ് 66(എ) യിലൂടെ ഗവൺമെന്റ് കൊണ്ടുവരാൻ ശ്രമിക്കുന്നത്. ഏറ്റവും കൂടുതൽ നോൺ പെർഫോമിംഗ് അസറ്റുള്ള റബ്കോയുടെ പേരിൽ സാമ്പത്തിക ദുർവിനിയോഗത്തിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ജനാധിപത്യപരമായി തെരഞ്ഞെടുക്ക പ്പെട്ട സംഘങ്ങളെ പ്രവർത്തിക്കാൻ അനുവദിക്കാത്ത സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ഈ ഗവൺമെന്റിന്റെ ഭരണത്തിൻകീഴിൽ സ്വതന്ത്രമായി വോട്ടവകാശം വിനിയോഗിക്കാൻ സാധിക്കുമെന്ന ആത്മവി ശ്വാസം ജനങ്ങൾക്ക് നഷ്ടമായിരിക്കുകയാണ്. സഹകരണ സംഘങ്ങളുടെ കാലാവധി അഞ്ചുകൊല്ലമായിരുന്നത് മൂന്നുകൊല്ലമായി ചുരുക്കിയതുവഴി മുഴുവൻ സഹകരണ സംഘങ്ങളേയും പിരിച്ചുവിടുന്ന സ്ഥിതിയുണ്ടായി. സർക്കാരിന്റെ അനാവശ്യ ഇടപെടലിന് കളമൊരുക്കുന്ന 66 (എ) വകുപ്പിന്റെ ഉദ്ദേശശുദ്ധി പുന:പരിശോധിക്കണം. പ്രൈമറി അഗ്രിക്കൾച്ചർ ബാങ്കുക ളിൽനിന്നും കൃഷി വായ്പ കൊടുത്തില്ലെങ്കിലും ഈ സംഘങ്ങൾ മിസലേനി യസ് എന്നായി മാറും. വകുപ്പ് 28 (എ) അനുസരിച്ച് ഭരണ സമിതികളിലെ ആകെ സീറ്റിൽ വനിതകൾക്കുള്ള സംവരണ സീറ്റ് ഒന്നിൽനിന്നും രണ്ടാക്കി

വർദ്ധിപ്പിച്ചിരിക്കുന്നതിനെ സ്വാഗതം ചെയ്യുന്നെങ്കിലും വനിതകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നുള്ള അഭിപ്രായമാണുള്ളത്. ഭരണ സമിതിയിലേയ്ക്ക് വനിതകളെ കിട്ടാൻ പ്രസാസമില്ലാത്തതിനാൽ നോമിനേഷന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. 28 (ബി) അനുസരിച്ച് പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് ഉദ്യോഗസ്ഥർക്ക് അധികാരം കൊടുക്കുന്നതിനോട് യോജിക്കാനാവില്ല ട്രാൻസാക്ഷന്റെ പെർസന്റേജനുസരിച്ചാണ് ഫീസ് ചുമത്തുന്നതെന്നതിനാൽ 64 (12) (ഇ) പ്രകാരം ഓഡിറ്റ് ഫീസ് മുമ്പായി അടയ്ക്കണമെന്ന് പറയുന്നത് ന്യായമല്ല. സഹകരണ സംഘങ്ങളുടെ ബാങ്കിംഗ് ന്യൂനതകളും സേവനങ്ങളിലെ ന്യൂനതകൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ഓംബുഡ്സ്മാനെ നിയമിക്കുന്നതുമൂലം ഈ മേഖലയിൽ വെള്ളാനകളെ കൂടുതലായി സൃഷ്ടിക്കുമോയെന്നുള്ള കാര്യം സർക്കാർ ആലോചിക്കണം. മറ്റെല്ലാ സർവ്വീസിലും വികലാംഗരുടെ റിസർവ്വേഷൻ അഞ്ച് ശതമാനമായതിനാൽ സഹകരണ സംഘങ്ങളിൽ മൂന്ന് ശതമാനം എന്നുള്ളത് അഞ്ചു ശതമാനമാക്കി ഉയർത്തണം. ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങാൻ പണം കൊടുക്കണമെന്ന നിർദ്ദേശം സ്വാഗതാർഹമാണെങ്കിലും ലൈബ്രറിയിൽ ഒരു പ്രത്യേക പാർട്ടിയുടെയോ എഴുത്തുകാരന്റെയോ പുസ്തകം മാത്രം വാങ്ങിയാൽ മതിയെന്ന് നിർബന്ധിക്കുന്നതായി കാണുന്നതിൽ ആശങ്കയുണ്ട്. സ്വതന്ത്രമായ വായനയെ ഒരു കാരണവശാലും തടസ്സപ്പെടുത്താൻ പാടില്ല. നിയമാനുസൃതമായി തെരഞ്ഞെടുക്കപ്പെടുന്ന സഹകരണ സംഘങ്ങളിലെ മെമ്പർമാരെ കോടതിയുടെ സഹായത്തോടെ അയോഗ്യരാക്കുന്നത് ന്യായീകരിക്കാനാവില്ല. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന സംഘങ്ങളെ നിലനിർത്താനാവശ്യമായ രീതിയിൽ നിയമം ഭേദഗതി ചെയ്യണം. സഹകരണ രംഗത്ത് കാലങ്ങളായി

തുടരുന്ന ഡെപ്പോസിറ്റ് മൊബിലൈസേഷൻ ഒരു പ്രത്യേക കാലഘട്ടത്തിലെ ഗവൺമെന്റിന്റെ സവിശേഷതയായി ചൂണ്ടിക്കാണിക്കുന്നത് ശരിയല്ല. സഹകരണ മേഖലയിൽ ഡെപ്പോസിറ്റ് മൊബിലൈസേഷൻ വർദ്ധിക്കുന്നത് പുതിയ പ്രതിഭാസമല്ല. നഷ്ടത്തിൽപ്പോകുന്ന സംഘങ്ങൾ പോലും ആഘോഷങ്ങൾക്കും മറ്റും സംഭാവന നൽകാൻ നിർബന്ധിതമാകുന്ന പ്രവണത അവസാനിപ്പിക്കണം. പത്തുശതമാനം അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾപോലും ഇപ്പോൾ സജീവമായി പ്രവർത്തിക്കുന്നില്ല. നിക്ഷേപ സമാഹരണം കൊണ്ടുമാത്രമാണ് പലതും നിലനിൽക്കുന്നത്. പല സംഘങ്ങളും കാർഷിക വായ്പ നൽകുന്നില്ല. 4 ശതമാനം പലിശയ്ക്ക് കാർഷിക വായ്പ കൊടുക്കുന്ന സംഘങ്ങൾക്ക് പലിശയിളവ് താങ്ങാനായി പ്രത്യേക സബ്സിഡി നൽകണം. കാർഷിക വായ്പ കൃത്യമായി അടയ്ക്കുന്നവർക്ക് 5 ശതമാനം പലിശ സബ്സിഡി നൽകുന്ന സംവിധാനം പുന:സ്ഥാപിക്കണം. ഗഹാൻ പദ്ധതിയുടെ പ്രയോജനം എല്ലാതരം വായ്പകൾക്കും ബാധകമാക്കാൻ നടപടി സ്വീകരിക്കണം. ഭരണസമിതിയിലെ അംഗസംഖ്യ 11 ആയി കുറയ്ക്കുകയും 2 വിദഗ്ദ്ധരെ ഉൾപ്പെടുത്തണമെന്ന തീരുമാനം പുന:പരിശോധിക്കുകയും ചെയ്യണം. സഹകരണ മേഖലയിൽ ഉദ്യോഗസ്ഥർക്ക് അമിതാധികാരം നൽകുന്നതും സർക്കാരിന്റെ നിയന്ത്രണം ഏർപ്പെടുത്തുന്നതുമായ ഭേദഗതികൾ ആശാസ്യമല്ല.

<u>ശ്രീ. ബാബു പോൾ:</u> 2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സഹകരണ പ്രസ്ഥാനത്തെ അഴിമതി വിമുക്തമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടിയുള്ള സമഗ്രമായൊരു നിയമഭേദഗതിയാണിത്. സാമൂഹിക ജീവിതത്തിൽ സഹകരണ

മേഖല നിർവ്വഹിക്കുന്ന സ്വാധീനം വളരെ വലുതാണ്. ആഗോള സാമ്പത്തിക മാന്ദ്യം ഉണ്ടായ ഘട്ടത്തിൽ പോലും സഹകരണ പ്രസ്ഥാനം നേടിയ കരുത്തിന്റെയും ആത്മവിശ്വാസത്തിന്റെയും ഫലമായി ഈ മേഖലയ്ക്ക് യാതൊരു കോട്ടവും ഉണ്ടായില്ല. കർഷകർക്ക് വായ്പ കൊടുക്കാനും തിരിച്ചെടുക്കാനും മാത്രമായി രൂപംകൊണ്ട സഹകരണ പ്രസ്ഥാനം ഇന്ന് കേരളത്തിന്റെ സമസ്ത മേഖലകളിലും വളർന്ന് വികസിച്ചിരിക്കുന്നു. ഈ നേട്ടങ്ങൾക്കനുസൃതമായ മാറ്റങ്ങൾ സഹകരണ നിയമത്തിലുണ്ടാകേണ്ടത് അനിവാര്യമായ ഘടകമാണ്. സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കുന്നതിനും അഴിമതി നടത്തുന്നവരെ ശിക്ഷിക്കുന്നതിനും നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾ പര്യാപ്തമല്ല. വൻ അഴിമതിക്ക് വഴിതെളിക്കുന്ന സഹകരണ മേഖലയിലെ നിയമനങ്ങൾ പി.എസ്.സി.വഴി നടത്തണം. ഭരണ സമിതിയിലെ വനിതാ പ്രാതിനിധ്യം 3 ആയി വർദ്ധിപ്പിക്കണം. പട്ടികജാതി/പട്ടികവർ വനിതാപ്രാതിനിധ്യം വേണമെന്നുമാത്രമല്ല വനിതകളുടെ പ്രാതിനിധ്യം തിരഞ്ഞെടുപ്പിലൂടെ വരാനുള്ള സാഹചര്യമുണ്ടാക്കണം. ശുഷ്ക്കാന്തിയും കാര്യക്ഷമതയുമുള്ളവരായിരിക്കണം ഭരണസമിതി അംഗങ്ങൾ. അർബൺ സഹകരണബാങ്കുകളിൽ ബാങ്കിംഗ് പരിചയമോ പ്രൊവിഷണൽ യോഗ്യതയോയുള്ളവർ ഭരണ സമിതികളിൽ ഉണ്ടാകണം. പ്രാഥമിക സംഘങ്ങളിലെ ഭരണ സമിതിയിലെ അംഗസംഖ്യ 11 ആക്കുന്ന നിർദ്ദേശം നിലവിലുള്ള സംഘങ്ങളിലെ ഭരണസമിതികൾക്കും ബാധകമാക്കണം. സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പരിരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് സഹകരണ കടാശ്വാസ പദ്ധതിയെന്നുള്ള പുതിയ നിർദ്ദേശം സ്വാഗതാർഹമാണ്. ഗഹാൻ സമ്പ്രദായം എല്ലാ സഹകരണ വായ്പാസംഘങ്ങളിലും നടപ്പിലാക്കണം. എക്സസ്സായി വരുന്ന സഹകരണ നിക്ഷേപം നാടിന്റെ

വികസനങ്ങൾക്ക് വിനിയോഗിക്കണം. വിലക്കയറ്റം തടയാൻ സഹകരണ മേഖല വഹിച്ച പങ്ക് ശ്ലാഘനീയമാണ്. നെൽകൃഷിക്കും പച്ചക്കറി കൃഷിക്കും പലിശ രഹിത വായ്പ നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്. സഹകരണ മേഖലയിലെ ജീവനക്കാർക്ക് മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രമോഷൻ നൽകണം. സഹകാരികളുടെ ലാഭവിഹിതം വർദ്ധിപ്പിക്കണം. രജിസ്ട്രാർമാർക്ക് അമിത അധികാരം നൽകുന്ന വ്യവസ്ഥ പുന:പരിശോധിക്കണം. കേന്ദ്ര ഗവൺമെന്റ് സഹകരണ മേഖലയെ ഇൻകം ടാക്സ് പരിധിയിൽപ്പെടുത്തിയതും സഹകരണ മേഖല നടത്തിവരുന്ന 123 ഇനങ്ങളെ സർവീസ് ടാക്സിന്റെ പരിധിയിൽപ്പെടുത്തിയതും സഹകരണ ബാങ്കുകളിൽ ചെക്കുകൾ ഉപയോഗിക്കാൻ പാടില്ലെന്ന നിബന്ധന ഏർപ്പെടുത്തിയതും നിക്ഷേപത്തെ തകർക്കുന്നതാണ്. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളിൽ സഹകരണ മേഖലയുടെ വളർച്ചയ്ക്ക് അനുയോജ്യമായവ മാത്രം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. റബ്കോയിലെ പ്രൈമറി സഹകര സംഘങ്ങളുടെ നിക്ഷേപങ്ങൾ തിരിച്ചു കൊടുക്കണമെന്ന കോടതി വിധി നടപ്പിലാക്കാനാവശ്യമായ നിർദ്ദേശം നൽകണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സംസ്ഥാനത്തെ വാണിജ്യ മേഖലയിലെ ന്യൂ ജനറേഷൻ ബാങ്കുകൾ സാങ്കേതിക വിദ്യയും പുതിയ മാനേജ്മെന്റ് വൈദഗ്ദ്ധ്യവും സമന്വയിപ്പിച്ച് മുന്നോട്ടുപോകുമ്പോൾ ജനാധിപത്യവും വിശ്വാസവും മാത്രം കൈമുതലാക്കിക്കൊണ്ടാണ് സഹകരണ ബാങ്കുകൾ പ്രവർത്തിക്കുന്നത്. വിപുലമായ സഹകരണ പ്രസ്ഥാനത്തെ നിയമം വഴി നേരിടാൻ ശ്രമിക്കുന്നത് ജനാധിപത്യ വളർച്ചയ്ക്കും സ്വയം ഭരണ അവകാശത്തിനും എതിരാണ്. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട്

നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. രാഷ്ട്രീയത്തിന്റെ അതിപ്രസരം സഹകരണ മേഖലയെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാരിനും ഉദ്യോഗസ്ഥർക്കും അമിത അധികാരം നൽകുന്ന വ്യവസ്ഥ സഹകരണ മേഖലയെ പൂർണ്ണമായി തകർക്കുന്നതാണ്. അധികാര വികേന്ദ്രീകരണംവഴി തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയതുപോലെ സഹകരണ മേഖലയിലും അധികാരവികേന്ദ്രീകരണം നടപ്പാക്കണം. 64-ാം വകുപ്പിൽ ആഡിറ്റ് കാര്യക്ഷമമാക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നത് ഗുണകരമാണ്. നിലവിലുള്ള നിയമം അനുസരിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അംഗീകരിച്ച ബാങ്കുകളിൽ മാത്രമേ സമയബന്ധിതമായും കൃത്യമായും ആഡിറ്റ് നടക്കുന്നുള്ളൂ. റബ്കോ പോലുള്ള സ്ഥാപനങ്ങളിൽ കൃത്യമായി ആഡിറ്റ് നടത്തി കടബാദ്ധ്യതകൾ തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. സഹകരണ മേഖലയിലെ ഡെപ്പോസിറ്റുകൾ പ്രത്യുല്പാദനപരമായ കാര്യങ്ങൾക്ക് വിനിയോഗിക്കണം. പ്രധാന ആക്ടിലെ വകുപ്പ് (57സി)-ക്കുശേഷം കൂട്ടിച്ചേർത്തിരിക്കുന്ന (57 ഡി)-യിലെ സഹകരണ റിസ്ക്ക് ഫണ്ട് സ്കീം രൂപീകരിക്കാനുള്ള വ്യവസ്ഥ അനുയോജ്യമാണ്. പലിശ വേണ്ടെന്നുവയ്ക്കുന്ന നിക്ഷേപങ്ങളിൽനിന്ന് ലഭിക്കുന്ന തുകയുടെ ഒരു വിഹിതം റിസ്ക്ക് ഫണ്ടിൽ ഉൾപ്പെടുത്തി വായ്പ തിരിച്ചടയ്ക്കാതെ മരണപ്പെടുന്നവരുടെ കുടുംബങ്ങളെ സഹായിക്കാനായി ഉപയോഗപ്പെടുത്തുകയാണെങ്കിൽ നിക്ഷേപകരെ ആകർഷിക്കാൻ കഴിയും. ഗഹാൻ സമ്പ്രദായം അർബൻ ബാങ്കുകൾക്കുകൂടി ബാധകമാക്കിയ വ്യവസ്ഥ പ്രയോജനപ്രദമാണ്. പാവപ്പെട്ടവരെ ഗഹാൻ സമ്പ്രദായം വഴി രജിസ്ട്രേഷൻ ഫീസിൽ നിന്നും ഒഴിവാക്കണം. താഴെത്തട്ടിൽനിന്നുള്ള പ്രവർത്തനത്തിലൂടെ

സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ മൈക്രോ ഫൈനാൻസിംഗ് സംവിധാനം നടപ്പിലാക്കണം. പ്രാഥമിക വായ്പാ സംഘത്തിന്റേയോ അർബൻ സഹകരണ ബാങ്കിന്റേയോ കമ്മിറ്റിയിലെ ഒരു സീറ്റ് 10,000 രൂപയിൽ കൂടുതൽ നിക്ഷേപമുള്ള അംഗങ്ങൾക്കായി സംവരണം ചെയ്യണമെന്ന വ്യവസ്ഥ സഹകരണ മേഖലയിലെ ജനാധിപത്യത്തെ തകർക്കുന്നതാണ്.

<u>ശ്രീ. എം. എം. മോനായി</u>: ലോകം മുഴുവൻ സ്വകാര്യവൽക്കരണത്തിന്റെ പിന്നാലെ പോകുമ്പോഴും രാജ്യത്തിന്റെ സമ്പദ് ഘടനയിൽ വലിയ പങ്ക് വഹിക്കാൻ കഴിയുമെന്ന് തെളിയിച്ചതാണ് കേരളത്തിലെ സഹകരണ മേഖല. സ്വകാര്യ-ന്യൂ ജനറേഷൻ ബാങ്കിംഗ് രംഗത്ത് ചൂഷണം നടക്കുന്ന സാഹചര്യത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ മനുഷ്യത്വമുഖം സമൂഹത്തിന് ആശ്വാസകരമാണ്. സഹകരണ മേഖലയുടെ മുതൽ മുടക്കോടുകൂടി പുതിയ സംരംഭങ്ങൾ സംസ്ഥാനത്ത് ഉണ്ടാകേണ്ടതുണ്ട്. റബ്കോയെ സഹകരണമേഖലയുടെ ഒരു ഇടപെടലായി, രാഷ്ട്രീയ കാഴ്ചപ്പാടിനപ്പുറമായി കാണണം. കേരളത്തിന്റെ സഹകരണ മേഖല കുറേക്കൂടി നല്ല രീതിയിൽ ക്രമീകരിക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് ഗവണ്മെന്റ് ഈ ബില്ലിലൂടെ നടത്തുന്നത്. ആക്ടിലെ നിർവചനങ്ങളിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് നിക്ഷേപത്തിൽ നിന്നുമാത്രം വായ്പ നൽകാൻ കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കഴിയുമോയെന്ന് പരിശോധിക്കണം. സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാത്ത വിധത്തിലായിരിക്കണം പലിശ നിരക്ക് നിശ്ചയിക്കേണ്ടത്. ഓരോ സംഘത്തിന്റേയും കമ്മിറ്റിയിലെ ഒരു സീറ്റ് 10,000 വും അതിലധികവും രൂപയുടെ നിക്ഷേപമുള്ള അംഗങ്ങൾക്കായി നീക്കി വച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. സെക്ഷൻ 32 ഇത്രയും കർശനമാക്കണമോയെന്ന് സെക്ഷൻ 33-ൽ പറഞ്ഞി

രിക്കുന്നതനുസരിച്ച് സംഘത്തിലെ അംഗമല്ലാത്ത ആൾ അഡ്മിനിസ്ട്രേറ്ററായി വരുന്നതിനെക്കുറിച്ചും പരിശോധിക്കണം. കോ-ഓപ്പറേറ്റീവ് റിസ്ക് ഫണ്ട് സ്കീം സ്വാഗതാർഹമാണ്. സെക്ഷൻ 59-ലെ വ്യവസ്ഥയനുസരിച്ച് അസോസിയേറ്റ് അംഗങ്ങൾക്കും മറ്റും വായ്പ കൊടുക്കുന്നതിനെക്കുറിച്ചും പുതിയ ശാഖകൾ തുറക്കുന്നത് ശക്തമായ മൽസരം ഉണ്ടാകുമെന്നതിനാൽ 74(ബി) നിലനിറുത്തണമോ എന്നതും പരിശോധിക്കണം. ഡെബ്റ്റ് വേവിയർ സ്കീമുകൾ നടപ്പിലാക്കുമ്പോൾ ആഡിറ്റിൽ പ്രൊവിഷൻ വയ്ക്കണം മിസ്-അപ്രോപിയേഷൻ നടത്തിയ ആളുകൾക്ക് രക്ഷപ്പെടാൻ പഴുതുണ്ടാക്കുന്ന 80(9) വകുപ്പിന്റെ ഭേദഗതി പുനപരിശോധിക്കണം. സഹകരണ സംഘങ്ങളിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥർക്ക് യഥാസമയം പെൻഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കേന്ദ്ര ഗവൺമെന്റിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ ഭരണഘടനയിൽ കൊണ്ടുവരേണ്ടിവന്നതിനാൽ ലോക്സഭയിലും രാജ്യസഭയിലും സഹകരണ നിയമം യുനാനിമസ് ആയി പാസ്സായി. ഒരു ഭരണഘടനാ സ്ഥാപനത്തിന് മൗലീക അവകാശങ്ങൾ സുപ്രധാനമാണെങ്കിലും അത് നടപ്പിലാക്കണമെങ്കിൽ ഡയറക്ടീവ് പ്രിൻസിപ്പിൾസിന്റെ സ്റ്റേറ്റ് പോളിസി വേണം. സഹകരണ രംഗത്ത് കേരളം ഇന്ന് ലോകത്തുതന്നെ മികച്ചു നില്ക്കുകയാണ്. ഇനിയും മികവിലേയ്ക്ക് പോകുന്നതിനുവേണ്ടിയാണ് നിലവിലുള്ള നിയമങ്ങൾ കർശനമാക്കുന്നത്. അതേയവസരത്തിൽ അതിന്റെ ആഭ്യന്തര ജനാധിപത്യത്തിന് ഒരു പ്രശ്നവുമില്ല. സഹകരണ രജിസ്ട്രാർക്ക് പുതുതായി ഒരു അധികാരവും കൊടുത്തിട്ടില്ല. എന്നാൽ സാമ്പത്തിക നഷ്ടവും ക്രമക്കേടും ഇല്ലാതാക്കുന്നതിന് ചില നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതായിട്ടുണ്ട്. കേന്ദ്ര നിയമം

ഭേദഗതിചെയ്യപ്പെട്ടപ്പോൾ കേരളത്തിലെ രജിസ്ട്രാർക്കുള്ള അധികാരം ദേശീയ തലത്തിലേയ്ക്ക് ഉയർത്തപ്പെട്ടു. ഭരണഘടനയ്ക്കകത്താണ് രജിസ്ട്രാർ നിർവ്വചിക്കപ്പെട്ടിരിക്കുന്നത്. അനാവശ്യമായ പൊളിറ്റിക്കൽ ഇന്റർഫിയറൻസ് വന്നാൽ അത് ചെറുക്കുന്നതിനുള്ള എൻഫോഴ്സ്മെന്റ് രജി സ്ട്രാർക്ക് ഈ നിയമത്തിൽ കൊടുത്തിട്ടുണ്ട്. സഹകരണ മേഖലയിലെ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കു ന്നില്ല. സഹകരണ മേഖലയിലെ ചില ബാങ്കുകളെ പിരിച്ചുവിട്ടിട്ടുള്ളത് നിയമ പരമായിട്ടാണ്. രണ്ടായിരം പേർക്ക് തൊഴിൽ കൊടുത്ത് ശമ്പളം കൃത്യമായി കൊടുക്കുന്ന റബ്കോയ്ക്ക് വർക്കിംഗ് ക്യാപിറ്റൽ ഇല്ല. സംസ്ഥാന ഗവൺമെന്റ് മുതലും പലിശയുമടക്കം കൊടുക്കാനുള്ള നൂറു കോടി രൂപ കൊടുക്കുകയോ ഇരുന്നൂറുകോടി രൂപ പലിശരഹിതമായോ കുറഞ്ഞ പലി ശയ്ക്കോ കൊടുക്കുകയോ ചെയ്താൽ തീരുന്ന പ്രശ്നമാണ് റബ്കോയുടേത്. കേന്ദ്ര ഗവൺമെന്റാണ് റബ്കോയെ സഹായിക്കുന്നത്. അത് റീ-സ്ട്രക്ചർ ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ഈ ഭേദഗതി ബില്ലിൽ രണ്ട് വനിതകൾക്ക് പ്രാതിനിധ്യം നൽകുന്നത് എങ്ങനെ വേണമെന്നുള്ളത് ചർച്ച ചെയ്ത് തീരുമാനിക്കാം. പല സ്ഥലങ്ങളിലും സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കണമെന്നുള്ള അഭിപ്രായവും പരിശോ ധിക്കുന്നതാണ്. കേന്ദ്ര പദ്ധതിയായ ഗഹാൻ എല്ലാ സഹകരണ ബാങ്കുക ളിലും നടപ്പിലാക്കിയതിന്റെ ഫലമായി ആയിരം കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായത്. സഹകരണ പ്രസ്ഥാനം കേരളത്തിലെ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ നല്കുന്ന സേവനം എല്ലാവരും സ്വാഗതം ചെയ്തിട്ടുണ്ട്. സഹകരണ മേഖലയിൽ പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകം എല്ലാ ലൈബ്രറിക ളിലും വാങ്ങിയിട്ടുണ്ട്. സഹകരണ സംഘത്തിന്റെ വൈസ് പ്രസിഡന്റ്

സ്ഥാനം സ്ത്രീകൾക്ക് റിസർവ് ചെയ്യണമെന്നുള്ള ആവശ്യം പരിശോധിക്കുന്നതാണ്. നബാർഡ് പലിശ നിരക്ക് നാലു ശതമാനം എന്നുള്ളത് രണ്ട് ശതമാനമാക്കിയാൽ കേരളത്തിൽ പലിശ നിരക്ക് 7 ശതമാനമെന്നുള്ളത് 5 ശതമാനമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാന സഹകരണ ബാങ്കുകളുടെ നിക്ഷേപം 60,000/- കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമത കുറഞ്ഞ ബാങ്കുകളെ നിയന്ത്രിക്കാൻ വേണ്ടിയാണ് പ്രധാനമായും ഈ ഭേദഗതി കൊണ്ടുവരുന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ തദ്ദേശ ഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## 2010 -ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ബിൽ

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ബിൽ ആഭ്യന്തരകാര്യങ്ങൾ

സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിൻതാങ്ങുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ബ്രിട്ടീഷ് ഭരണ കാലത്ത് ഉണ്ടാക്കിയ ജയിൽ നിയമങ്ങളും 1950-ലെ ട്രാവൻകൂർ-കൊച്ചിൻ ജയിൽ നിയമങ്ങളുമാണ് ഇന്ന് കേരളത്തിലെ ജയിലുകളിൽ അനുവർത്തിച്ചുവരുന്നത്. കൂടാതെ 1958-ൽ കേരള പ്രിസൺസ് ചട്ടങ്ങളും നിലവിൽ വന്നിരുന്നു. ഈ ചട്ടങ്ങളിലെ പല വ്യവസ്ഥകളും ആവശ്യമില്ലാത്തതും നടപ്പിലാക്കാൻ പ്രയാസമുള്ളതുമാണ്. സംസ്ഥാനത്ത് ഒരു പ്രത്യേക നിയമം ഉണ്ടാക്കുന്നതിന് ശുപാർശചെയ്യാൻ 1993-ൽ നിയോഗിക്കപ്പെട്ട ഉദയഭാനു കമ്മിറ്റിയും 2002-ൽ നിയോഗിക്കപ്പെട്ട വി.ആർ കൃഷ്ണയ്യർ കമ്മിറ്റിയും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിരുന്നെങ്കിലും അതൊന്നും നടപ്പായില്ല. ഈ സാഹചര്യത്തിലാണ് ഇത്തരത്തിൽ ഒരു ബിൽ കൊണ്ടുവരുന്നത്. ആധുനിക സങ്കൽപ്പത്തിന് യോജിക്കാത്ത ഏകാന്ത തടവ്, ചാട്ടവാർ അടി മുതലായവ ഈ നിയമത്തിലൂടെ റദ്ദാക്കപ്പെടുകയാണ്. വെസ്റ്റ് ബംഗാളിൽ 1992-ൽ അവതരിപ്പിച്ച ജയിൽ നിയമത്തിന് 1997 ലാണ് പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചത്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിനകത്ത് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിയമമാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. തടവുകാർക്കുള്ള സൗകര്യം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സുപ്രീംകോടതി നടത്തിയ നിരീക്ഷണങ്ങൾ

ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മനുഷ്യാവകാശത്തെ സംബന്ധിച്ചുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഇന്റർനാഷണൽ കവനന്റ് നടപ്പിലാക്കാനുള്ള സംവിധാനം ബില്ലിൽ ഉൾക്കൊള്ളിക്കുന്നുണ്ട്. തടവുകാരുടെ അവകാശങ്ങൾ, കടമകൾ, ക്ഷേമനിധി, ഭക്ഷണം, വസ്ത്രം, തൊഴിൽപരിശീലനം ശുചിത്വപരിപാലനം പരോൾ നൽകുന്നതിന്റെ നടപടികൾ, കുറ്റം ചെയ്താലുള്ള ശിക്ഷണ നടപടികൾ, നിയമപരമായ ഉപദേശങ്ങൾ നൽകാനുള്ള സംവിധാനം എന്നിവ ഉൾപ്പടെ 1012 വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമമാണ് ഉദ്ദേശിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനാവേളയിൽ മെമ്പർമാരുടെ വിലപ്പെട്ട അഭിപ്രായങ്ങൾ പരിഗണിക്കുന്നതാണ്.

ശ്രീ. എ. പ്രദീപ്കുമാർ: 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-6-2010 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിൽ സമഗ്രമായ ഒരു പ്രിസൺ ആക്ട് നിലവിലില്ല 116 വർഷത്തോളം പഴക്കമുള്ള പ്രാകൃതമായിട്ടുള്ള ജയിൽ നിയമത്തിന്റെ വൈകല്യങ്ങൾ കേരളത്തിൽ നിലനിൽക്കുകയാണ്. ഓരോ സംസ്ഥാനങ്ങൾക്കും അവരവരുടെ പ്രത്യേകതയനുസരിച്ചുള്ള നിയമങ്ങൾ ഉണ്ടാക്കാമെന്ന ശുപാർശ കമ്മീഷന്റെ ഭാഗത്തുനിന്നും വന്നിട്ടുണ്ടെങ്കിലും കേരളത്തിൽ പ്രത്യേകമായ നടപടികൾ ഉണ്ടായിട്ടില്ല. ഇന്ത്യൻ പ്രിസൺസ് ആക്ടിന്റെയും തിരു-കൊച്ചി പ്രിസൺസ് ആക്ടിന്റെയും അടിസ്ഥാനത്തിലാണ് ജയിലുകളുടെ പ്രവർത്തനം നടത്തിവരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പരോൾ വ്യവസ്ഥകളിൽ ഇളവ് നൽകിയിട്ടുണ്ട്. വളരെ പ്രാകൃതവും കിരാതവുമായ നിയമങ്ങൾ റദ്ദ് ചെയ്തുകൊണ്ട് പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള വ്യവസ്ഥകളാണ് ഈ ബില്ലിൽ

കൊണ്ടുവന്നിട്ടുള്ളത്. തടവുകാരുമായി നിരന്തരം ഇടപെട്ട് അവരുടെ ദൈനംദിന പ്രവർത്തനങ്ങളേയും അവരുടെ മാനസിക നിലയിൽ വരുന്ന മാറ്റങ്ങളേയും അപഗ്രഥിച്ച് അവരെ ശരിയായ നിലയിൽ കൊണ്ടുവരാനുള്ള ബാധ്യതയും ഹൃദയവിശാലതയും സഹജീവികളോട് അനുകമ്പപൂർവ്വം പെരുമാറുന്നതിനുള്ള കഴിവും നോക്കിയാവണം ജയിൽ ജീവനക്കാരെ സെലക്ട് ചെയ്യേണ്ടത്. ബില്ലിലെ അധ്യായം നാല് സ്വാഗതാർഹമാണ്. ഇതൊക്കെ പ്രാവർത്തികമാക്കിക്കഴിഞ്ഞാൽ ആധുനിക കാലത്തെ ജയിൽ എങ്ങനെയായിരിക്കണമെന്ന് ഈ നിയമം നിലവിൽ വരുന്നതോടുകൂടി കാണാൻ കഴിയും. തടവുകാരന്റെ അവകാശങ്ങളെപ്പറ്റിയും കർത്തവ്യങ്ങളെപ്പറ്റിയും അധ്യായം 9-ൽ പറയുന്നുണ്ട്. അധ്യായം 8-ൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകളെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഇത് ദുരുപയോഗം ചെയ്യാതിരിക്കാൻ കൂടുതൽ നിബന്ധനകളുണ്ടാക്കണമെന്നാവശ്യപ്പെടുകയും ചെയ്യുന്നു. തടവുകാർക്ക് മാനസിക പരിവർത്തനം വരുത്താൻ കുറ്റകൃത്യങ്ങളനുസരിച്ച് അവരെ തരംതിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അധ്യായം 10-ൽ പറയുന്നതിനെ സ്വാഗതം ചെയ്യുന്നു. ബംഗാളിന്റെ മാതൃകയിൽ രാഷ്ട്രീയ തടവുകാർക്ക് നിയമത്തിൽ പ്രത്യേക ക്ളോസ് ഉണ്ടാകണം. തടവുകാർക്ക് ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുമെന്ന പ്രഖ്യാപനം നല്ല കാര്യമാണ്. ജയിലിലെ സ്ഥലപരിമിതിമൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ പുതിയ ബ്ളോക്കുകൾ നിർമ്മിക്കാൻ നടപടി സ്വീകരിച്ചതും പുതിയ ഏഴ് ജയിലുകൾ സ്ഥാപിച്ചതും ഈ ഗവൺമെന്റിന്റെ കാലത്താണ്. തടവുകാർക്ക് വീട്ടുകാരുമായി ഫോണിലൂടെ ബന്ധപ്പെടുന്നതിന് കോയിൻ ബോക്സ് സ്ഥാപിച്ചതും അവരുടെ വേതനം വർദ്ധിപ്പിച്ചതും പകുതി വേതനം വീട്ടിലേയ്ക്ക് അയച്ചുകൊടുക്കാൻ അനുവദിച്ചതും എഫ്.എം.

റേഡിയോ അനുവദിച്ചതും സ്വാഗതാർഹമാണ്. കാലഹരണപ്പെട്ട ജയിൽ നിയമത്തിൽ മൗലികമായ മാറ്റം വരുത്തുകയും അപരിഷ്കൃതമായ ശിക്ഷകൾ ഒഴിവാക്കുകയും ചെയ്യണം. തടവുകാർക്ക് പുറത്തുനിന്നും ആഹാരം നൽകാൻ അനുവാദം കൊടുക്കുമ്പോൾ അത് ദുരുപയോഗം ചെയ്യാതിരിക്കാൻ നടപടി സ്വീകരിക്കണം. ഈ നിയമം കൊണ്ടുവരാൻ മുൻകയ്യെടുത്ത മന്ത്രിയെ അഭിനന്ദിക്കുന്നു

<u>ശ്രീ. തോമസ് ചാഴികാടൻ:</u> 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1894-ലെ പ്രിസൺസ് ആക്ട് റിപ്പീൽ ചെയ്തുകൊണ്ട് ആധുനിക കാലഘട്ടത്തിന് അനുയോജ്യമായി കൊണ്ടുവന്ന ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച് വിശദമായ തെളിവെടുപ്പിനുശേഷം പാസ്സാക്കുന്നതായിരിക്കും ഉചിതം. ജയിലുകളിലേയ്ക്ക് പോകാൻ വിധിക്കപ്പെട്ടവരെ തിരികെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ ആവശ്യമായ പരിശീലനം നൽകാനും അവരെ ബോധവാന്മാരാക്കാനും ഉതകുന്ന തരത്തിൽ ജയിലുകളുടെ പ്രവർത്തനരീതിയിൽ മാറ്റമുണ്ടാകേണ്ടത് അനിവാര്യമാണ്. തടവുകാരുടെ കഴിവുകൾ ക്രിയാത്മകമായി ഉപയോഗിക്കാൻ കഴിയണം. 1993-ൽ നിയമിച്ച എ. പി. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ ജയിൽ നിയമങ്ങൾ പരിഷ്ക്കരിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാനത്തെ സബ് ജയിലുകളിൽ തടവുകാർക്ക് നിരന്ന് കിടക്കാൻപോലും സൗകര്യമില്ലാത്ത അവസ്ഥയാണ് ഉള്ളത്. അതിൽ

മാറ്റം വരുത്തണം ദുരുപയോഗപ്പെടുത്താൻ സാധ്യതയുള്ളതുകൊണ്ട് തടവുകാർക്ക് താൽക്കാലിക താമസസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതു സംബന്ധിച്ച വ്യവസ്ഥയിൽ മാറ്റം വരുത്തണം. ജയിലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊടുക്കണം. തടവുകാരുടെ ഭക്ഷണത്തിൽ മാറ്റം വരുത്തിയിട്ടുള്ളത് സ്വാഗതാർഹമാണ്. കൊടുംകുറ്റവാളികളല്ലാത്ത ആളുകൾക്ക് പുറത്തുനിന്നും ഭക്ഷണം കൊണ്ടുവരാൻ അനുവാദം നൽകുന്നത് ദുർവിനിയോഗം ചെയ്യപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. തടവുകാർക്ക് പരോൾ അനുവദിക്കുന്ന രീതി കുറ്റമറ്റതാക്കണം. ജയിലിൽ പണിയെടുക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. 18-നും 21-നും മദ്ധ്യേപ്രായമുള്ള കൺവിക്റ്റഡ് ആയിട്ടുള്ള കുട്ടികൾ വീണ്ടും കുറ്റക്കാരായി മാറാതിരിക്കാൻ വേണ്ടി അവരെ ബോസ്റ്റർ സ്കൂളുകളിൽ അയയ്ക്കാൻ നടപടി സ്വീകരിക്കണം

<u>ശ്രീ. വി. ഡി. സതീശൻ:</u> കാലത്തിനനുസരിച്ച് വ്യവസ്ഥകൾ കൂട്ടിച്ചേർത്ത് ഒരു സമഗ്ര ജയിൽ പരിഷ്ക്കരണ നിയമം നിർമ്മിക്കാൻ പ്രയത്നിച്ച ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നു. ജയിലുകൾ പരിഷ്ക്കരിക്കുക എന്നതിലുപരി ജയിലുകളിലെ തടവുകാരനെന്ന വ്യക്തിയെ പരിഷ്ക്കരിച്ച് ഉത്തമ പൗരന്മാരാക്കാനുള്ള ക്രിയാത്മകമായ ശ്രമം നടത്തുകയാണ് വേണ്ടത്. ജയിലിൽനിന്ന് പുറത്തുപോകുന്നവരിൽ മൂന്നിൽ രണ്ട് ഭാഗവും കുറ്റവാളികളായി തിരിച്ചു വരുന്ന സാഹചര്യം ഒഴിവാക്കണം. തടവുകാരോടുള്ള പക്ഷപാതപരമായ നിലപാടും പീഡനവും അവസാനിപ്പിക്കണം. ജയിലുകളിൽ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്യണം. കുറ്റവാളികളിൽ ഭൂരിഭാഗവും ഉൾപ്രദേശങ്ങളിലുള്ള സാധാരണക്കാരായ ആളുകളാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കുറ്റവാ

ളികൾ മാനസിക വൈകല്യമുള്ളവരാണെങ്കിൽ സാധാരണ തടവുകാരെപ്പോലെ കണക്കാക്കാൻ പാടില്ല. ജയിലുകളിൽ നിലനിൽക്കുന്ന പ്രാകൃതവും അപരിഷ്കൃതവുമായ സമ്പ്രദായങ്ങളും പരിതാപകരമായ ഭൗതിക സാഹചര്യങ്ങളും ഒഴിവാക്കണം. ജയിലുകളിൽ ക്രിമിനലുകളെ സൃഷ്ടിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കണം. ജയിലുകൾ സംരക്ഷിക്കുന്നതിന് ധാരാളം പണം ആവശ്യമുള്ളതുകൊണ്ട് അവിടെനിന്നുതന്നെ വരുമാനമുണ്ടാക്കുന്ന മാർഗ്ഗങ്ങളെക്കുറിച്ചാലോചിക്കണം. ജയിലുകളിൽ കാലാനുസൃതമായ മാറ്റം വരുത്തുകയും തടവുകാർക്ക് മറ്റുള്ളവരുമായി ആശയവിനിമയം നടത്താനുള്ള സൗകര്യമുണ്ടാക്കുകയും വേണം. വിചാരണ തടവുകാർ അനുഭവിക്കുന്ന മാനുഷികവും സാമൂഹ്യവുമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. വിചാരണ തടവുകാരെ കോടതികളിൽ കൊണ്ടുപോകുന്നതിനും തിരിച്ചു കൊണ്ടുവരുന്നതിനും പ്രത്യേക സംവിധാനമുണ്ടാക്കണം. തടവുകാർക്ക് പഠിക്കാനാവശ്യമായ സൗകര്യവും തൊഴിൽ പരിശീലനവും നൽകണം. Psychiatrist-ന്റേയും psychologist-ന്റേയും സേവനം ലഭ്യമാക്കണം. വായിക്കാനുള്ള സൗകര്യം കൊടുക്കുകയും. ജയിലുകളിൽ അച്ചടക്കം നിലനിറുത്തുകയും ചെയ്യണം. ആവശ്യമായ കൗൺസിലിംഗ്, മെഡിക്കൽ അറ്റൻഷൻ തുടങ്ങിയവ നൽകാൻ നടപടി സ്വീകരിക്കണം. നന്നായി പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകൾ ജയിലുകളിൽ ഉണ്ടായിരിക്കണം. ജയിലുകളിലെ സ്ഥലസൗകര്യങ്ങളുടെ അഭാവംമൂലം തടവുകാരെ വിവിധ വിഭാഗങ്ങളായി വേർതിരിക്കുകയെന്നത് പ്രായോഗികമാക്കാൻ ബുദ്ധിമുട്ടുണ്ടാക്കും. വിചാരണത്തടവുകാരോട് നീതി കാണിക്കണം. ജയിലുകളിൽ റിക്രിയേഷൻ ഫെസിലിറ്റീസ്, യോഗ തുടങ്ങിയ

സംവിധാനങ്ങൾ ഏർപ്പെടുത്തണം. ബില്ലിന്റെ ഓരോ വകുപ്പിലും ഉദ്ദേശിക്കുന്ന പൊതുവായ ലക്ഷ്യം സാധ്യമാക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തണം.

ശ്രീ. സാജു പോൾ: സ്വാതന്ത്ര്യം ലഭിച്ച് അറുപത് വർഷത്തിനു ശേഷമാണ് ഒരു സമഗ്ര ജയിൽ പരിഷ്ക്കരണ നിയമം കൊണ്ടുവന്ന് ജയിലുകൾക്ക് മാനുഷിക മുഖം നൽകാനുള്ള ശ്രമം നടത്തുന്നത്. ജയിലുകളിൽ സാർവത്രികമായിരുന്ന നടയടി അവസാനിപ്പിക്കാൻ കഴിഞ്ഞതും നിയമ പരിരക്ഷയില്ലാതെതന്നെ പോലീസ് സേനയുടെ സമഗ്രമായ വികസനം സാധ്യമാക്കിയതും ശ്രദ്ധേയമായ നേട്ടങ്ങളാണ്. ബ്രിട്ടീഷുകാർ നടപ്പാക്കിയ സംവിധാനം അതേപടി തുടരാനുള്ള സമീപനത്തിൽനിന്ന് വ്യത്യസ്തമായ നയമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിക്കുന്നത്. ജയിലുകളിൽ ഭീകരാവസ്ഥ സൃഷ്ടിക്കാൻ ശ്രമിക്കുന്ന ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളിലും നിയമത്തിനനുസൃതമായ മാറ്റം വരുത്താൻ കഴിയണം. ജയിലുകളിൽ തടവുകാരുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വിവിധ കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ടുകളുടെ അന്തസ്സത്ത ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമനിർമ്മാണവും ഭരണ സംവിധാനവും ഉണ്ടാകണം. തടവുകാരെ തരംതിരിച്ച് പാർപ്പിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യണം. ശാരീരിക വൈകല്യമുള്ളവർ, ചിത്തഭ്രമം ബാധിച്ചവർ തുടങ്ങിയവർക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. ബംഗാളിലുള്ളതുപോലെ രാഷ്ട്രീയ തടവുകാർക്ക് പ്രത്യേകം ബ്ലോക്കുകൾ വേണം. വിശ്രമകേന്ദ്രങ്ങളും വിനോദോപാധിയും ഏർപ്പെടുത്തുന്നതോടൊപ്പം മദ്യം, മയക്കുമരുന്ന് തുടങ്ങിയവ ജയിലുകളിൽ നിരോധിക്കാൻ കർശന നടപടി സ്വീകരിക്കുകയും വിചാരണ തടവുകാരെ അലക്ഷ്യമായും അലസമായും കൊണ്ടുപോകുന്ന

നടപടി അവസാനിപ്പിക്കുകയും ചെയ്യണം. ജയിലിൽ പ്രത്യേക പരിശീലന പരിപാടി നടത്തുകയും തടവുകാരുടെ കലാസൃഷ്ടികൾ പ്രത്യേക ബുള്ളറ്റിൻ ആരംഭിച്ച് പ്രസിദ്ധീകരിക്കാനുള്ള നടപടി ആരംഭിക്കുകയും ചെയ്യണം. ജയിലുകളിൽ കർശനമായ അച്ചടക്കം പാലിച്ച് മുന്നോട്ടുപോകാനുള്ള എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഈ ബില്ലിന്റെ വ്യവസ്ഥകളെ ശക്തിപ്പെടുത്തുന്ന വാദഗതികൾ അംഗങ്ങളുടെ ഭാഗത്തുനിന്നുണ്ടായത് ശ്രദ്ധേയമാണ്. ജയിൽ സൗകര്യങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട കമ്മീഷനുക ളെല്ലാം ബ്രിട്ടീഷ് കാലത്ത് നിലവിലുള്ള സംവിധാനത്തിന് മാറ്റം വരുത്തണ മെന്നാണ് ചൂണ്ടിക്കാണിച്ചത്. തടവുകാരെല്ലാം ഒരേ തരത്തിലുള്ളവരല്ലാത്ത തുകൊണ്ട് ഒരോ തടവിനും വ്യത്യസ്തമായ ശിക്ഷ അടിസ്ഥാനമാക്കി ക്കൊണ്ടുള്ള ഒരു സമീപനമാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇന്റർ നാഷണൽ കവനന്റ് അത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. അതുസംബ ന്ധിച്ചും ബില്ലിനകത്ത് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിചാരണ തടവുകാരുടേയും ശിക്ഷയുടെ കാലാവധി കഴിഞ്ഞിട്ടും ജയിലിൽ കിടക്കേണ്ട അവസ്ഥയുള്ള തടവുകാരുടെയും കേസ്സുകൾ പരിശോധിക്കാൻ ഒരു വ്യവസ്ഥ ഈ നിയമ ത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റിമാന്റ് തടവുകാരെ ജയിലിൽ നിന്ന് കോടതി യിലേയ്ക്കും തിരിച്ചും കൊണ്ടുപോകുന്ന സന്ദർഭത്തിൽ അനിഷ്ടസംഭവങ്ങ ളുണ്ടാകുന്നതു തടയാൻ ജയിലും കോടതിയുമായി വീഡിയോ കോൺഫ റൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുന്നതോടെ എല്ലാ ജയിലുകളിലും നടപ്പിലാക്കുന്നതാണ്. തടവുകാർക്ക് ജയിലിൽ പഠിക്കാനുള്ള സൗകര്യം ഇപ്പോൾ തന്നെ കൊടുക്കുന്നുണ്ട്.

രാഷ്ട്രീയ തടവുകാരെ മറ്റു തടവുപുള്ളികളോടൊപ്പം ജയിലുകളിൽ പാർപ്പിക്കുന്നത് സംബന്ധിച്ചും അവർക്ക് നൽകേണ്ട സൗകര്യങ്ങളെക്കുറിച്ചും ചില വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജയിലുകളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിന് കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. തടവുകാരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ട്. ജയിലുകളിൽ നിന്ന് ഇപ്പോൾ രണ്ട് കോടി രൂപയോളം വരുമാനമുണ്ടാകുന്നുണ്ട്. 1 കോടി രൂപയിൽ കൂടുതൽ വരുമാനമുണ്ടാകുകയാണെങ്കിൽ അതിന്റെ 20 ശതമാനം പശ്ചാത്തല വികസനത്തിനുവേണ്ടി നൽകുമെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. ആരോഗ്യ പരിരക്ഷയ്ക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വനിതാ ജയിലിൽ ഒഴിവുള്ള മുറികൾ പുരുഷ തടവുകാരുടെ ബാഹുല്യം പരിഗണിച്ച് ഇവർക്കുവേണ്ടി റീ-അറേഞ്ച് ചെയ്യാൻ സാധിക്കുമോ എന്നുള്ള കാര്യം പരിശോധിക്കാവുന്നതാണ്. പരോൾ നൽകുന്നത് സംബന്ധിച്ച് ഉണ്ടായിരുന്ന അവ്യക്തതകൾ നീക്കി ഉദാരമായ സമീപനം സ്വീകരിച്ചതുകൊണ്ട് ജയിലുകളിൽ ഇപ്പോൾ സംഘർഷാവസ്ഥ നിലനിൽക്കുന്നില്ല. ജീവപര്യന്തം തടവുകാരിൽ 14 വർഷം പൂർത്തിയായവരുടെ കേസ്സുകൾ പരിശോധിച്ച് വിടുതൽ ചെയ്യാൻ ഉത്തരവ് നൽകിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങൾ പത്ത് വർഷം കഴിഞ്ഞ കേസ്സുകളും പരിഗണിക്കുന്നതുകൊണ്ട് അത്തരം കേസ്സുകളും ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ജുവനൈൽ ആക്ട് അനുസരിച്ച് ബോസ്റ്റൽ സ്കൂളുകളിൽ കുട്ടികളെ പാർപ്പിക്കാൻ പാടില്ലാത്തതുകൊണ്ട് കണ്ണൂരിലും തൃക്കാക്കരയിലുമുള്ള ഈ സ്ഥാപനങ്ങളെ ഡിസ്ട്രിക്ട് ജയിലുകളാക്കി മാറ്റാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. 9-ാം വകുപ്പിലെ താൽക്കാലിക താമസസൗകര്യം നിലവിലുള്ള നിയമത്തിലെ വ്യവസ്ഥതന്നെയാണ്. സംസ്ഥാനത്ത് പ്രതിവർഷം 14000ത്തോളം കേസ്സുകൾ

ഉണ്ടാകുന്നുണ്ട് അത്തരം കേസ്സുകൾ തീർപ്പാക്കാൻ വേണ്ടി ഗ്രാമീണ ന്യായാലയങ്ങളും സായാഹ്ന കോടതികളും സ്ഥാപിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്. കൂടുതൽ കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാവുന്നതാണ്. ഇതിനെ ഒരു കുറ്റമറ്റ നിയമമാക്കി മാറ്റുന്നതിന് എല്ലാവരുടേയും പിന്തുണയും സഹകരണവും അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 5.55-ന് പിരിഞ്ഞു.

.....................